# ഌ

**ഌ** — പു. ഭൂമി. വ. പർവ്വതം. ന. ദേവി. ൪. സ്ത്രീസ്വഭാവം. (ഌന്ത്യസ്വരം).

ഌകാരം — ഌ എന്ന അക്ഷരം.

# ൡ

**ൡ** — പു. അമ്മ. വ. ദിവ്യസ്ത്രീ. ന. ശിവൻ. ദീർഘമായ ഌ. [ഋ, ഌ ഈ സ്വരങ്ങൾ ആദിയായിട്ടുള്ള ശബ്ദങ്ങൾ അപൂർവ്വം.]

# എ

**എ** — ഒരു സ്വരാക്ഷരം. (ഹ്രസ്വസ്വരം.) ഇതു് ഒരു കണ്ഠതാലവ്യം. ഈ സ്വരത്തിനു സംസ്കൃതത്തിൽ ഹ്രസ്വത്വമായ പാഠമില്ല.

[എ എന്നതു 'ഇ' 'ഉ' എന്നിങ്ങനെ മാറിക്കാണുന്നുണ്ടു്. ഉ-ം, ഇറവു് ഉറവു് ചിലപ്പോൾ 'അ' എന്നുമാകാം. എന്ന 'അന്നേ'.]

എഃ — പു. വിഷ്ണു. വ. ഓർമ്മ. ന. അസൂയ. ൪. കരുണ. ൫. വിളി. ൬. നിന്ദ, ആക്ഷേപം.

എകറു — പല്ലു്, തേറ (പ്രചാരലുപ്തം).

എകിറു — പു. പല്ലു്, ദംഷ്ട്രം

'കാതിവളരുമെടതിരെകിറമ
ങിനുസമമനമാനനവുമുള്ളതും'

(പാതാളരാമായണം)

വ. തേറ. ന. ചിറകു്.

എക്കം — പു. എക്കൽ. വ. കൃഷ്ണമധുരയിൽ വാഹനങ്ങളിൽ ഉപയോഗപ്പെടുത്തുന്ന ഒരു കതിര.

എക്കച്ചക്കം — വഴക്കു്.

എക്കം — പു. തക്കം. വ. ഒന്നാന്തരമുള്ളവില. ന. വിലക്കവാങ്ങുന്നതിനുതക്ക സമയം.

എക്കൽ — പു. ഒഴുക്കുകൊണ്ടുണ്ടാകുന്ന വളം. വ. എക്കിവലിയുക ന. വയറൊട്ടിക്ക

എക്കളിക്ക, എക്കിളിക്ക — എക്കിവലിയുക, ഏങ്ങുക.

എക്കിട്ട, എക്കിൾ, ഇക്കിൾ — ഒരു ശ്വാസവികൃതി. സംസ്കൃതത്തിൽ 'ഹിക്ക'

എക്കുക — പു. എക്കിളിക്കുക. വ. എക്കിവലിയുക.

എങ്കിൽ, എന്നാകിലും — അ. സംശയത്തിങ്കൽ പ്രയോഗം.

എങ്ങൾ — ഞങ്ങൾ (നീചഭാഷ) ഞങ്ങൾ എന്നതു് ഉത്തമം. ഞാനും മററുള്ളവരും എന്നർത്ഥം.

എങ്ങാണ്ടു — അ. എവിടെയോ.

എങ്ങാനും — അ. വല്ലേടത്തും.

എങ്ങിനത്തേ — വി. ഏതുപ്രകാരമുള്ള.

എങ്ങിനെ — അ. ഏതുപ്രകാരം.

എങ്ങിനെഎങ്കിലും — അ. വല്ല പ്രകാരവും.

എങ്ങിനെയും — അ. ഏതുപ്രകാരവും.

എങ്ങിനെയുള്ള — അ. ഏതുപ്രകാരമുള്ള.

എങ്ങു് — അ. എവിടെ.

എങ്ങുനിന്നു, എങ്ങുന്നു — എവിടെനിന്നു.

എങ്ങും — അ. എവിടെയും, ഒരിടത്തും.

എങ്ങേനും — എങ്ങാനും, എവിടെയെങ്കിലും (പഴയ മലയാളം).

'എങ്ങേനും മണ്ടിനാൻ'

(കൃഷ്ണഗാഥ)

എങ്ങോട്ടു — എവിടേയ്ക്കു്.

എങ്ങോൻ — അ. അവൻ എവിടെ (എങ്ങു അവൻ).

എച്ചം — പു. മനുഷ്യരുടെ മലം. (പ്രധാനമായി ചിലന്തി, പല്ലി ഇവയുടേതാണു്) വ. ഈച്ചയുടെ മലം.

എച്ചിൽ-൧. ഉണ്ടുശേഷിച്ചതു്. പര്യായങ്ങൾ-ഫേലം, ഭുക്തസമുജ്ഝിതം. ൨. ഭക്ഷിച്ചതിന്റെ ശേഷിപ്പു്, ഉച്ഛിഷ്ടം. ൩. അശുദ്ധി. [കർണ്ണാടകത്തിൽ-എഞ്ജൽ. തെലുങ്കിൽ-എംഗിൽ.]

എച്ചിൽക്കപ്പ-അശുദ്ധമായതും അടിച്ചുകൂട്ടിയതുമായ ചവറു്.

എച്ചിൽക്കരുന്നു്-ഒരു ചെടി.

എച്ചിൽക്കുഴി-എച്ചിലിടുന്ന കുഴി (സ്ഥലം.)

എച്ചിൽനക്കി-എച്ചിൽ തിന്നുന്നവൻ, ഇരപ്പാളി.

എച്ചിൽപാറുക-തളിക്കുക.

എച്ചിൽപ്പാട്ടു്-ആഹാരം കഴിഞ്ഞതിനുമേലുള്ള പാട്ടു്.

എച്ചിൽപ്പുണ്ണു്-ഒരു ദീനം.

എജമാനൻ-(യജമാനൻ) ഗൃഹസ്ഥൻ, പ്രഭു.

എടനാടു്-കേവലം നാടും കേവലം കാടും അല്ലാത്ത പ്രദേശം.

എടവാടു്-കൊടുക്കൽവാങ്ങൽ.

എടാ-തന്നെക്കാൾ താണവനെ വിളിക്കുന്ന ഒരു വാക്കു്.

[ഈ നിപാതത്തിനു ലിംഗവ്യവസ്ഥയുണ്ടു്. 'എടാ' എന്നതു് പുല്ലിംഗമാണു് സ്ത്രീലിംഗം-'എടീ'. എടോ=സാധാരണലിംഗം.]

എടുക്കുക-കൈക്കൊള്ളുക, ചെയ്യുക.

എടുപ്പിക്കുക-കൈക്കൊള്ളിക്കുക, ചെയ്യിക്കുക.

എടുപ്പു്-൧. എടുക്കുക. ൨. ഒരു ദീനം ൩. ലാഭം. ൪. പൊക്കം. ൫. വരവു്. ൬. ശേഖരിപ്പു്. ൭. നികുതി. ൮. കറതീർക്കുക.

എടോ-(ഒരു നിപാതം.) സമത്വമുള്ളവനെ വിളിക്കുന്ന ഒരു വാക്കു്. [എടാ! എന്നതു നോക്കുക.]

എട്ടടിമാൻ-ഒരു മൃഗം.

[സംസ്കൃതത്തിൽ ശരഭം എന്നു പറയപ്പെടുന്നു. ഇതു സിംഹത്തെ കൊല്ലുന്നതാണു്. ഇതിനു എട്ടു കാലുണ്ടു്. മഹാവിഷ്ണു പന്നിയായി അവതരിച്ചു ഹിരണ്യകശിപുവിനെ കൊന്നതിന്റെ ശേഷം അദ്ദേഹത്തിന്റെ ഉഗ്രത ശമിച്ചില്ലെന്നുകണ്ടു് ആയതു ശമിപ്പിപ്പാനായി പരമശിവൻ ശരഭമായി അവതരണം ചെയ്തു. ശരഭത്തിനു സിംഹത്തെ കൊല്ലുന്നതിനുള്ള ശക്തിയുണ്ടു്. ഈ ജന്തു മൃഗത്തിന്റെയും പക്ഷിയുടെയും വർഗ്ഗത്തിൽ ഉൾപ്പെടും. ശരഭമഹാമന്ത്രത്തിന്റെ ധ്യാനത്തിൽ പക്ഷിസ്വരൂപമായിട്ടാണു് വർണ്ണിച്ചിട്ടുള്ളതു്. 'ശരഭം' നോക്കുക].

എട്ടംഗം-തല, നെററി, മൂക്കു്, മാറു്, രണ്ടുകൈ, രണ്ടുകാൽ ഇവ വൃ-ം. (അഷ്ടാംഗശബ്ദം നോക്കുക)

എട്ടരയോഗം-തിരുവിതാംകൂറിൽ ശ്രീപത്മനാഭക്ഷേത്രം സംബന്ധിച്ചു കൊല്ലം ൨൨൫ ൽ നാടുവാണിരുന്ന മഹാരാജാവു തിരുമനസ്സുകൊണ്ടു ഏർപ്പെടുത്തിയ ഒരു യോഗം.

ഓരോ യോഗം വീതമുള്ള ആറു പോററിമാരും, ഒരു സ്വാമിയാരും, അരയോഗം വീതമുള്ള [illegible] [illegible] പോററിയും [illegible] മഹാരാജാവും =(എട്ടര.)

൬ പോററിമാർ ൧. കൃഷ്ണാപ്പോററി. ൨. വഞ്ചിയൂർ അത്തിയറപ്പോററി. ൩. കൊല്ലൂർ അത്തിയറപ്പോററി. ൪. മുട്ടവിളപ്പോററി ൫. കരുവാപ്പോററി. ൬. നെയ്തശ്ശേരിപ്പോററി.

എട്ടാം-വി. എട്ടാമത്തെ.

എട്ടാമതു്-ഏഴുകഴിഞ്ഞാലുള്ളതു്.

എട്ടാമത്തെ-വി. ഏഴുകഴിഞ്ഞാലുള്ള.

എട്ടാമൻ-എട്ടാമത്തവൻ.

എട്ടാലൊന്നു-എട്ടിലൊരുപംകു ⅛, അരക്കാൽ.

'തട്ടാൻതൊട്ടാൽ എട്ടാലൊന്നു'

എട്ടാവട്ടത്തു-അടുക്കലെങ്ങും.

എട്ടാശ-എട്ടുദിക്ക്, നാലുദിക്കും അതുകളുടെ നാലുമൂലയും ഇങ്ങിനെ-വ്യ.

എട്ടി-കാഞ്ഞിരം.

എട്ടിയാൻ-ചെട്ടിയാൻ. (പരദേശക്കച്ചവടക്കാരിൽ ഒരു വകക്കാർ)

എട്ടിലൊന്നു- എട്ടിലൊരുപംകു, അരക്കാൽ.

എട്ടു്-നാലിരട്ടിച്ചതു്.

എട്ടുകാലൻ, എട്ടുകാലി-ചിലന്തി.

എട്ടുകാലിയുടെ ഒരു വലയിലെ നൂലിനു ൧൫൦ നാഴിക നീളമുണ്ടാകുമത്രെ.

എട്ടുദിക്ക്-എട്ടുദേശം. [എട്ടാശ നോക്കുക]

എട്ടുവീട്ടിൽപിള്ളമാർ-എട്ടു ഭവനങ്ങളിലെ പ്രധാനികൾ. ൧. മാർത്താണ്ഡമഠത്തിൽ പിള്ള. ൨. രാമനാമഠത്തിൽപിള്ള. ൩. കുളത്തൂർപിള്ള. ൪ കഴക്കൂട്ടത്തു പിള്ള. ൫. വെങ്ങാനൂർപിള്ള. ൬. ചെമ്പഴന്തിപ്പിള്ള. ൭. കൊടുമൺപിള്ള ൮. പള്ളിച്ചൽപിള്ള.

'മാർത്താണ്ഡ രാമനാമഠകുള
ത്തൂരം കഴക്കൂട്ടവും
വെങ്ങാനൂരഥ ചെമ്പഴന്തി കൊടുമൺ
പള്ളിച്ചലെന്നിങ്ങിനെ
ചൊല്ലാർന്നീടുമൊരെട്ടുദിക്കിലമരും
ഭൃത്യാരംപിള്ളമാ-
രൊപ്പം വിക്രമവാരിരാശികളഹോ
ഭൂമണ്ഡലന്നീശന്മാർ'

(ശ്രീവീരമാർത്താണ്ഡവർമ്മവിജയം കഥകളി)

എട്ടെട്ടു-അറുപത്തിനാലു (൬൪), എട്ടു എട്ടു കൂടിയതു്, എട്ടുവീതമുള്ള.

എണ്ണ-പ്ര. എള്ളിൽനിന്നെടുക്കുന്ന തൈലം. എണ്ണ=എള്ളിലെ നെയ്. ൨. വല്ലതിന്റെയും തൈലം.

[വൃക്ഷങ്ങളുടേയും ചെടികളുടേയും അരിയെയൊ കായെയൊ തടിയെയൊ വേരിനെയോ വാററിയോ ആട്ടിയോ എടുക്കുന്നതാണ് തൈലം. മൃഗങ്ങളുടെ മാംസം, കൊഴുപ്പ്, മജ്ജ മുതലായവയിൽ നിന്നും തൈലമെടുക്കാം]

എണ്ണക്കര-ഒരു വൃക്ഷം.

എണ്ണക്കുരുക്കൾ-എണ്ണ എടുക്കാവുന്ന കുരുക്കൾ. ആവണക്കിൻകുരു, എള്ള്, നിലക്കടല, പേയെള്ള്, തേങ്ങ, കാട്ടുമഞ്ഞൾ മുതലായവ.

എണ്ണക്കുടി-ഒരുമാതിരി അപ്പം.

എണ്ണച്ചട്ടി-തൈലപ്പാത്രം.

എണ്ണച്ചായൽ-വി, വിളച്ചയുള്ള.

എണ്ണത്തഴകി-ഒരു മരുന്ന്.

എണ്ണപ്പാത്തി-തൈലത്തോണി.

എണ്ണപ്പായൽ - വെള്ളത്തിലുള്ള ഒരു ചെടി.

എണ്ണപ്പെട്ട-വി. പ്ര. ഗണിക്കപ്പെട്ട.

[എണ്ണപ്പെടുക എന്നതിന്നു പര്യായങ്ങൾ-സംഖ്യാതം, ഗണിതം. എണ്ണപ്പെടുവാൻ യോഗ്യം എന്നതിന്നു പര്യായങ്ങൾ-ഗണനീയം, ഗണേയം.]

൨. മാനിക്കപ്പെട്ട.

എണ്ണം-പ്ര. സംഖ്യ, തുക, കണക്ക. ൨. മതിപ്പു. ൩. വിചാരം. ൪. വിശ്വാസം. മൂന്നും നാലും അർത്ഥങ്ങൾക്കു തെക്കിനാണ് അധികം പ്രസിദ്ധി. മലബാറിലും നടപ്പുണ്ട്.

'മനമതു മറിച്ചെണ്ണവണ്ണമായി'

(മയൂരസന്ദേശം)

എണ്ണാവണ്ണം-എണ്ണുവാൻ കഴിയാതെ,

എണ്ണലർ-ശത്രുക്കൾ. [പദ്യത്തിൽ പ്രയോഗം]

എണ്ണാങ്ക്-എട്ടുനാലുകൂടിയതു്. (൩൨ )

എണ്ണാങ്കൊടി-ഒരു ചെടി.

എണ്ണായിരം-എട്ടു ആയിരം കൂടിയതു് (൮൦൦൦ )

എണ്ണാഴി-എട്ടു നാഴി കൂടിയതു്, രണ്ടിടങ്ങഴി.

എണ്ണിക്കകൊടുക്ക-കണക്കുകൊടുക്ക.

എണ്ണുക-൧. കണക്കു കൂട്ടുക. ൨. വിചാരിക്കുക. ൩. മതിക്കുക. ൪. വിശ്വസിക്കുക. ൫. കരുതുക.

എണ്ണൂറു്-എട്ടുനൂറുകൂടിയതു് (൮൦൦.)

എൺ-വി. എട്ടിനെ സംബന്ധിച്ച, തമിഴിൽ എണ്ണം.

എൺകയിൽ- വി. എട്ടുകരണ്ടിയിൽ കൊള്ളുന്ന.

എൺകോൺ-വി. എട്ടുകോണുള്ള.

എൺദിശയും-അ. എട്ടുദിക്കുകളിലും, എല്ലാടവും.

എണ്പതിനായിരം-എട്ടു പതിനായിരം കൂടിയതു് (൮൦൦൦൦ )

എണ്പതു്-എട്ടു പത്തു കൂടിയതു് (൮൦.)

എണ്പലം-എട്ടുപലം.

എണ്മണി-എള്ളിന്റെ മണി.

എണ്മർ-എട്ടുപേർ. ഉ-ം, എണ്മർയോഗം

എണ്മൂന്ന-ഇരുപത്തിനാലു്.

എത-൧. അതിര. ൨. അവസാനം. ൩. സൂക്ഷ്മമായ സമയം. ൪. മുഖ്യന്യാസമയം.

എത്തം-തക്കം, തരം, ഏലു്, സൌകര്യം. (എത്തമൊട്ടന്തരം നോക്കി )
‘ഇണക്കമൊന്നാത്തങ്ങളതമൊട്ട്’
(നളചരിതംകഥകൾ )

എതിരാളി-ശത്രു, നേരിട്ടുവരുന്നവൻ.

എതിരിട-മാറുക, പകപ്പു്.

എതിരിടുക-൧. നേരിടുക. ൨. തടുക്കുക.

എതിരു്-വി. ൧. വിരോധമായുള്ള. ൨. മുമ്പെയുള്ള.

എതിരു്-൧. വിരോധം. ൨. മുമ്പു്. ൩. മാറ്റുക. ൪. മുൻഭാഗം. ൫. ഉപമ.

എതിരെ, എതിരവെ-൧. നേരെ. ൨. പുലരവെ. ൩. കാലത്തെ.

എതിരേല്പ്പ്-൧. നേരെ ചെന്നു കൂട്ടിക്കൊണ്ടു പോരിക. ൨. നേരിടുക.

എതിരേറുക-എതിർക്കുക.

എതിർ-വി. നേരെയുള്ള.

എതിർക്കുക-നേരിടുക.

എതിർകോൽ-നടക്കുന്നവരുടെ കാലിൽ കൊള്ളുവാൻ തക്കവണ്ണം മാർഗ്ഗത്തിൽ കിടക്കുന്ന കോൽ.

എതിർതരിക-യുദ്ധത്തിനു കൂടുക.

എതിർതല, എതിത്തല-ശത്രു.

എതിരേത്ത-അ. മുഴുവനും. ഉ-ം, എതിരേത്തപച്ചനിറം.

എതിർപെടുക-നേരിടുക.

എതിർപൊരുക-യുദ്ധം ചെയ്ക.

എതിർപ്പു്-൧. നേരിടുക. ൨. വിരോധിക്ക. ൩. ശകുനം. ൪. ഉദ്ഗമനം.

എതിർമുഖം-൧. അഭിമുഖം, എതിരെമുഖമായി. ൨. എതിർപുറം.

എതിർമുള്ളു-മാറിലെ എല്ലു്.

എതിർമൊഴി-എതിർപറക.

എതിർവാക്കു്-എതിർമൊഴി, എതിർത്തു പറക, വിരോധംപറക.

എതിർവീടു്-നേരെയുള്ള വീടു്.

എത്തു്-അതിര, അവസാനം. [എത നോക്കുക].

എതുക-ദ്വിതീയാക്ഷരപ്രാസം എന്ന പേരിൽ നാം ഇപ്പോൾ വ്യവഹരിച്ചുവരുന്ന ശബ്ദാലങ്കാരവിശേഷം. (ദ്രമിഡസംഘാതാക്ഷരനിബന്ധമെതുകമോനവൃത്തവിശേഷം പാട്ടു്) (ലീലാതിലകം). എതുകയെ ഇന്നും ഭാഷാകവികൾ പ്രായേണ ആദരിച്ചുതന്നെ പോരുന്നു.

എത്താം, എത്തൽ, എത്തു്-൧. എത്തുക, തൊടുവാൻ കഴിവുണ്ടാവുക. ൨. നീളം.

എത്തികാൽ-എന്തൽ. ഉ-ം, കാൽഎത്തി കാൽ.

എത്തിവലിയുക-കാലിന്റെ വിരൽ കുത്തി പൊങ്ങുക.

എത്തുക-ക്രി. ചെല്ലുക.

'എത്താനം തൽപുരമതിൽമഹാ-
രാജ്ഞിമയക്കാനവനം'
(മയൂരസന്ദേശം)

2. തീരുക, ഇല്ലാതാകുക. 3. തൊട്ടുവാൻതക്കവിധമാവുക. [സം. ക്രി. എത്തിക്കുക].

എത്ര-അ. ക്രി. ഇത്രയെന്നു നിശ്ചയമില്ലാത്തതിനെപ്പററി ചോദിക്കുന്ന ഒരു വാക്ക്. 2. വളരെ. 3. ഏററവും. [എത്ര =എ+തിര. തിര=മാത്ര.]

എത്രയും-അ. ഏററം അധികം.

എത്രോളം, എത്രോടം, എത്രേടം-അ. ഏതുവരെ.

എന-എന്ന്.

എനി-ഇനി.

എന്തു-ഒരു (ഒരു പ്രധാനവ്യാക്ഷേപകം.) അറിയാത്തതിനെക്കുറിച്ചു ചോദിക്കുന്ന ഒരു വാക്ക്.

എന്തുവാൻ-എന്താണ്.

എന്തോ-ഒരു (വ്യാക്ഷേപകം). സംശയത്തെ സൂചിപ്പിക്കുക.

എന്ത്യാ, എന്തേ-അ. കാരണം അറിയാത്തതിനെക്കുറിച്ചു ചോദിക്കുന്ന ഒരു വാക്ക്.

എൻ-എന്റെ.

എൻപെരുമാൻ-ഇളനാട്ടിലുള്ള ബ്രാഹ്മണൻ.

എൻപ്രാൻ-ക്രി. എന്റെ എജമാനൻ. 2. എമ്പ്രാൻ, തീർത്ഥശാചങ്ങളും മററുമുള്ളവരും യാഗം കഴിക്കുന്നവരുമായ ഒരു വക ബ്രാഹ്മണൻ.

'എമ്പ്രാന്റെവിളക്കത്തു
വാരിയന്റെഅത്താഴം'

എൻറീശ്വര-ഒരു വ്യാക്ഷേപകം.

എൻറെ-(പ-മ). എന്നു

എന്നവാറെ-അ. അപ്പോൾ, അതിൽ പിന്നീട്.

എന്നാകിൽ, എന്നാൽ-അ. എങ്കിൽ.

എന്നാറെ-അ. അതിൽപിന്നീട്.

എന്നിങ്ങനെ-അ. ഇപ്രകാരം

എന്നിട്ട്-അ. പിന്നെ, അതിന്റെശേഷം, എന്നു പറഞ്ഞിട്ട്.

എന്നിട്ടും-അ. അതിന്റെശേഷവും, പിന്നേയും, എങ്കിലും.

എന്നി, എന്നിയെ-അ. കൂടാതെ.

[ഇൻറി-കൂടാതെ. ഇതു ഇൻറി എന്നതിന്റെ രൂപഭേദം. ഇൻറിയിൽ നിന്നു എൻറി, എന്നി, എന്നിയെ ഈ രൂപങ്ങൾ കാലാന്തരത്തിലുണ്ടായി].

എന്നിരിക്കേ-അ. അപ്പോൾ.

എന്നീവണ്ണം-അ. ഇപ്രകാരം.

എന്നു-അ. ക്രി. ഇങ്ങിനെ. 2. ഏതുദിവസം. എപ്പോൾ [തമിഴിൽ എൻറു].

എന്നും-അ. എല്ലായ്പ്പോഴും.

എന്നുമ്പോൾ-എന്നുപറയുമ്പോൾ, എന്നു വിചാരിക്കുമ്പോൾ.

എന്നുമേ-അ. എപ്പോഴും, ഒരുനാളും.

എന്നുവെച്ച്-ഇങ്ങനെ വിചാരിച്ചു, അതുകൊണ്ട്.

എന്നേ-അ. ഭൂതത്തിലും സാന്താക്ഷത്തിലും ആശ്ചര്യത്തിലും പറയുന്ന ഒരു വാക്ക്.

എന്നേക്കും, എന്നന്നേക്കും, എന്നെന്നും-എല്ലായ്പോഴും.

എന്നോൻ, എന്നോൻ-എന്നുപറയുന്നവൻ, എന്നുള്ളകൊണ്ട്. (എന്നാൻ എന്നതു നോക്കുക)

എന്പുറം-ഏതുപുറം.

എന്മൊഴി-എന്നുപറയപ്പെടുന്നു.

എന്നേടം-എന്നുള്ള സംഗതി.

എപ്പേർപ്പെട്ടതും-അ. എല്ലാം, മുഴുവനും

എപ്പേരും–അ. എല്ലാം, എല്ലാവരും.

എപ്പൊഴുതും–അ. എല്ലാനേരവും.

എപ്പോൾ–അ. ഏതുസമയത്ത്

എപ്പോഴും–അ. എല്ലാസമയത്തും.

[പര്യായങ്ങൾ–സതതം, അനാരതം, അശ്രാന്തം, സന്തതം, അവിരതം, അനിശം, നിത്യം, അനവരതം, അജസ്രം–ൻ.

എപ്പോഴം, എപ്പോളും–എല്ലാനേരവും

എമ്പ്രാദോർ–ചക്രവർത്തി.

എമ്പ്രാൻ–എൻപുരാൻ.

എമൻ–യമൻ.

എമ്മൾ–നമ്മൾ.

ഏമൻകിടാവ്–കോലത്തിരിയുടെ കാര്യസ്ഥൻ.

എമ്മാൻ–അ. എന്നതുകൊണ്ട്.

എമ്മാൻ–എന്നു പറവാൻ.

'അളുയച്ചിട്ടുണ്ടെമ്മാനില്ല, ഇല്ലെമ്മാനില്ല നീളെന്നിന്നവനും,–കളിയല്ല
(നളചരിതം കഥകളി)

[എമ്മാൻ = എന്നുപറവാൻ 'എൻ' എന്ന ഖിലധാതുവിന്റെ പിൻവിനയെച്ചമാണ് 'എമ്മാൻ'. 'എന്നാൽ' = എന്നുപറഞ്ഞാൽ. ഇത്യാദി രൂപങ്ങൾ നോക്കുക. 'ഉണ്മാൻ' എന്നതിനെ 'ഉമ്മാൻ' എന്നു എഴുതാറുള്ളതുപോലെ 'എന്മാൻ' എന്നതും എഴുത്തിൽ 'എമ്മാൻ' എന്നായി (അളുയച്ചിട്ടു) നളനെ അന്വേഷിപ്പാൻ ദൂതനെ അയച്ചതിൽ (ഉണ്ടെമ്മാനില്ല) അവൻ ഇന്നേടത്തുണ്ടെന്നു പറവാനില്ല; (ഇല്ലെമ്മാനില്ല) മരിച്ചുപോയി എന്നു പറവാൻ പാടില്ല നളനെപ്പറ്റി യാതൊരറിവും കിട്ടീട്ടില്ലെന്നു അർത്ഥം. 'നചസമഞ്ജസമേതദ്വിരോധ്യജീവതിവാനവാ', എന്ന ശ്ലോകത്തിന്റെ ശരിതർജ്ജിമയാകുന്നു ഇത്. സാഹിത്യസാഹ്യം.]

എയിറ്റ്–എയ്യുക, അമ്പുകൊണ്ടുള്ള പ്രയോഗം, തറക്കുക.

എയ്തുക–പ്രാപിക്കുക.

എയ്തിയ–വി. എത്തിയ, പ്രാപിച്ച. [പഴയ മലയാളം].

എയ്തുന്ന–എത്തുന്ന.

എയ്യൻ–മുള്ളൻ, മുള്ളൻപന്നി.

എയ്യൻപന്നി–മുള്ളൻപന്നി.

എയ്യമ്പുല്ല്–ഏരകം.

[സമുദ്രതീരത്തിൽ ഉണ്ടാകുന്നതും ശരത്തിനു (അമ്പിനു) ഉപയോഗമുള്ളതുമായ ഒരു മാതിരി പുല്ല്. ഇത് ഇരിമ്പുപൊടിയിൽനിന്നുണ്ടായി വളരുന്നതാണെന്നു പറയപ്പെടുന്നു.]

എയ്യൻമുള്ള്–മുള്ളൻപന്നിയുടെ മുള്ള്. (തൂവൽ).

എയ്യുക–അമ്പ് അയക്കുക, അമ്പുകൊണ്ടു പ്രയോഗിക്കുക, തറക്കുക.

എരക്കം–ദയവ്, അലിവ്.

എരട്ടിമധുരം–ഒരു അങ്ങാടിമരുന്നു. പര്യായങ്ങൾ–മധുകം, ക്ലീതകം, യഷ്ടിമധുകം, മധുയഷ്ടികാ ഇവ നാലും.

[ഇതു ക്ഷയം, തൃഷ്ണ, നയനരോഗം, വിഷം, ഛർദ്ദി, അരോചകം, ശീതപിത്തം, പിത്തരോഗങ്ങൾ, വ്രണം ഇവയെ ശമിപ്പിക്കും. ശുക്ലവൃദ്ധിയെ ചെയ്യും]

എരപ്പ്–വായിപ്പ വാങ്ങുന്ന ആൾക്കാരും മുതലായത്. ഏരവൽ എന്നു ചിലേടത്തിൽ.

എരി, എരിവ്, എരുപ്പ്–ഗ്ര. മുളകിന്റെ രസം ദ. ഉഷ്ണം. ത. കത്തൽ. ക. കോപം. പര്യായം–'കടു'.

എരികനൽ–കത്തുന്നതീയ്, തീക്കനൽ.

എരിക്ക്–ഒരു ചെടി. പര്യായങ്ങൾ–അർക്കാഹ്വം, വസുകം, ആസ്ഫോടം, ഗണരൂപം, വികീരണം, മന്ദാരം, അർക്കപർണ്ണം.

[ഇതിന്റെ ഇല വാതത്തെയും കഫത്തെയും ശമിപ്പിക്കും. വേര്, വിരേചനത്തെ ചെയ്യും. വിഷഹരവുമാണ്. എരിക്ക വാതത്തെ കളയും. ദീപനവും ഉഷ്ണവുമാണ്. കൃമിരോഗങ്ങൾക്ക വളരെ വിശേഷം. ശോഫം, ചൊറി, കുഷ്ഠം, വ്രണം, പ്ലീഹ മുതലായവയ്ക്കു് ഉത്തമം.]

എരിക്കിഴങ്ങ്-ഇഞ്ചി

എരിക്കുക-ചുടുക, തീകത്തിക്കുക.

എരിക്കൊള്ളി-തീക്കൊള്ളി.

എരിച്ചിൽ-ഫ. എരിവ്. വ, തീകത്തൽ. ന-കോപം.

എരിതീയ്-കത്തുന്നതീയ്.

എരിതേങ്ങാ-ചില കർമ്മങ്ങൾക്ക മടലോടെ തീകത്തിച്ചുഴിയുന്ന തേങ്ങാ.

എരിപുളി, എരിവുപുളി-ഒരു കറി (മോരു ചേർത്തുണ്ടാക്കുന്നതാണ്.)

എരിപൊരി-വലുതായ സങ്കടം.

എരിപൊരിസഞ്ചാരം-ഉഷ്ണംനിമിത്തം ഉണ്ടാകുന്ന അധികമായ വ്യസനം, എരിച്ചിൽ.

എരിപ്പ്-ഫ. എരിവ്. വ തീകത്തിക്ക. ന. ചൊല. ര. തീക്കൊള്ളി.

എരിമക്കള്ളി-ഒരു ചെടി. ചതുരക്കള്ളി എന്നും പറയുന്നു. ഇതു വിരേചനകരമാണ്. മലഎരിമ എന്നു മറ്റൊരുപക്ഷം

എരിമത്താളി-ഒരു വള്ളി.

[എരിമത്താളി (എരുമത്താളി)ക്ക പര്യായങ്ങളായി പടപച്ചി, ഹൈമവതി, സ്വർണ്ണക്ഷീരി, ഹിമാവതി ഇങ്ങനെ ശബ്ദങ്ങൾ കാണുന്നുണ്ട്. ചിലർ മലഎരുമയുടെ പേരെന്നു പറയുന്നു.]

എരിമപ്പാവൽ-ഒരു ചീര.

എരിമരം-രാത്രിയിൽ പ്രകാശിക്കുന്ന ഒരു മരം.

എരിയുക-നീറുക, തീകത്തുക.

എരിപുകാരൻ-ഘോരൻ, ഉഗ്രൻ.

എരിശ്ശേരി-ഫ. തേങ്ങാ അരച്ചു ചേർത്തുണ്ടാക്കുന്ന ഒരു കറി. വ. എരിച്ച കറി.

എരുക്ക്-എരിക്ക്. [എരിക്ക് എന്നതു നോക്കുക].

എരുത്-കാള, മൂരി, ചുമടെടുപ്പാൻ സാമർത്ഥ്യമുള്ള കാള.

എരുത്തിൽ-കാളക്കൂട്, തൊഴുത്തു.

എരുന്ത്, എരിന്ത്-നദിയിലുള്ള ചിപ്പിമീൻ.

എരുപുളി-മോരു ചേർത്തുണ്ടാക്കുന്ന ഒരു കറി

എരുമ-പെൺകന്ന്.

എരുമപ്പാൽ-എരുമയുടെ പാൽ.

[വളരെ ഗുരുവാണ്. അത്യഗ്നിയെ ശമിപ്പിക്കുന്നതുമാകുന്നു. ഉറക്കത്തെ ഉണ്ടാക്കും.]

എരുമത്തൈര്-എരുമയുടെ പാലിൽ നിന്നുണ്ടാക്കുന്ന തൈർ.

[വളരെ ഗുരുവാണ്. ഉഷ്ണവും വിഷ്ടംഭവുമാകുന്നു. വാതങ്ങൾ ഉണ്ടാകും. മൂലരോഗം, അതിസാരം ഇവയെ ശമിപ്പിക്കും.]

എരുമക്കള്ളി-ഒരു ചെടി എരിമക്കള്ളി നോക്കുക.

[ദുഗ്ധിക, ക്ഷീരാവി എന്നവ എരുമക്കള്ളിയുടെ പര്യായങ്ങളെന്നു കാണുന്നുണ്ട്.]

എരുമാനം-എരിവ്, എരിവിന്റെ വാസന നല്ലമുളക് (കുരുമുളക്) എന്നതിന്റെതുപോലെയുള്ള വാസന.

എരുമപ്പാവൽ-ഒരു ചെടി.

[ഇതിന്റെ കിഴങ്ങ് ബാലന്മാരുടെ കടൽവീക്കം ശമി..]

എരുമാൻ-കല്ലാശാരിമാരിൽ ഒരുവകക്കാർ. (ഇവർ തെപ്പുറമ്പിൽ ധാരാളമുണ്ട്.)

എരോപ്പ-യൂറോപ്പ് എന്ന ഭൂഖണ്ഡം. Europe.

എലങ്ങം-ഇലവങ്ങം.

എലവു-ഇലവു എന്ന വൃക്ഷം. (ഇലവു് എന്നതു നോക്കുക.)

എലാഞ്ചുക, ലാഞ്ചുക-ഞാഞ്ചുക, അലയുക

[ഒരു പാത്രത്തിൽ നിറയെ അല്ലാതെ വെള്ളംകൊഴിച്ചു് എടുത്താൽ അതു ഉലയുന്നതിനു ഈ പേർ പറയുന്നു. വെള്ളം ലാഞ്ചുന്നു എന്നു സാധാരണ പറയാറുണ്ടു്. 'തുളുമ്പുക' എന്ന ശബ്ദവും കാണുന്നു.]

എലി-ഒരു ചെറിയ ജന്തു. പര്യായങ്ങൾ-ഉന്ദുരു, മൂഷികൻ, ആഖു.

[ഗിരികം, ബാലമൂഷിക ഇ-ം, ചുണ്ടെലിയുടെ പേർ. ചുചുന്ദരി, ഗന്ധമൂഷി ഇ-ം അച്ചുലിയുടെ പേർ. എലിമാംസം ഗുഹ്യരോഗങ്ങൾക്കു നന്നു്.]

എലിക്കണി-എലിയെ പിടിക്കുന്ന ഒരു യന്ത്രം.

എലിക്കത്രി-എലിക്കണി.

എലിക്കാഷ്ഠം-എലിപ്പിഴുക്ക, എലിയുടെ മലം.

എലിച്ചെവി-ഒരു പച്ചമരുന്നു്. പര്യായങ്ങൾ-ചിത്ര, ഉപചിത്ര, ന്യഗ്രോധി, ദ്രവന്തി, ശംബരി, വൃഷ, പ്രത്യക്ശ്രേണി, സുതശ്രേണി, രണ്ഡാ, മൂഷികപർണ്ണി.

[ഇതു കഫപിത്തങ്ങളെയും ആനാഹം, ജ്വരം, വയറുവേദന ഇവയെയും നശിപ്പിക്കും. പാചനമാകുന്നു ഇതിനു മുയൽചെവി, എഴുത്താണിപ്പച്ച, തിരുമേവി എന്നിങ്ങനെയും പറയുന്നു.]

എ[illegible]-വ്യാഘ്രനഖം.

എലിത്തടി-ഒരു പച്ചമരുന്നു്. (ആനമടക്കം എന്നതു നോക്കുക.)

എലിനടകം, എലിക്കാൽ, എലിവാട-മേല്പുരയുടെ (മേല്ക്കൂട്ടിന്റെ) ഒരുഭാഗം. എലിയാടി.

എലിനാഴി-എലിയെപ്പിടിക്കുന്ന യന്ത്രം

എലിപ്പച്ച-ഒരു ചെടി.

എലിപ്പത്തായം-എലിയെ പിടിക്കുന്ന ഒരു യന്ത്രം.

എലിപ്പാതാളം-എലിമട.

എലിപ്പാഷാണം-എലിയെ കൊല്ലുന്ന ഒരു മരുന്നു്. (വിഷമാണു്.)

[ഇതു എലിവിഷത്തിനു നന്നു്. ശീതജ്വരത്തിനും കൊള്ളാം. ഉന്മത്തിലച്ചാറിൽ പ്രയോഗിക്കുന്നതു ഗുണകരം].

എലിപ്പിഴുക്ക-എലിക്കാഷ്ഠം. [ഇതു വിഷമോഹത്തിനു കൊള്ളാം.]

എലിപ്പുനം-എലിമട.

എലിമഞ്ചി-എലിയെ പിടിക്കുന്ന ഒരു യന്ത്രം.

എലിമട-എലിയുടെ പോതം, എലിപ്പാതാളം

എലിമുള്ള-ഒരു മുൾച്ചെടി.

എലിവഞ്ചികാ-എലിയെ പിടിക്കുന്ന യന്ത്രം.

എലുമിച്ച-കടകപ്പുളിനാരകം.

എലുമ്പൽ-ചെറിയ എല്ലു്.

എലുമ്പു്-എല്ലു്.

എലു്ക, എലുക-അതിരു്. [എല്ലു നോക്കുക.]

എലു്കക്കല്ലു്, എലുകക്കല്ലു്-അതിർത്തിക്കല്ലു്, അതിരറിവാൻ ഇടുന്ന കല്ലു്

എല്ല-അതിരു്. [എല്ലുക്കുളംപ്പെടുത്തുക = അതിർത്തിക്കുളംപ്പെടുത്തുക]. ഉ. അവധി എല്ലയിൽനിന്നു 'എലുക' വന്നു. എല്ല-എൽക = എലുക.

എല്ലത്തല-അതിരു്.

എല്ലാടവും-അ. എല്ലാസ്ഥലത്തും.

എല്ലാടത്തും-അ. എല്ലാസ്ഥലത്തും.

എല്ലാനാളും-അ. എല്ലാദിവസവും.

എല്ലാനേരവും-അ. എല്ലായ്പോഴും.

എല്ലാം-അ ഒക്കെ, മുഴുവനും. പര്യായങ്ങൾ-സമം, സർവം, വിശ്വം, അശേഷം, കൃത്സ്നം, സമസ്തം, നിഖിലം, അഖിലം, നിശ്ശേഷം, സമഗ്രം, സകലം, പൂർണ്ണം, അഖണ്ഡം, അന്യൂനകം. [എല്ലാം എന്നതു നിത്യബഹുവചനമാകുന്നു.

എല്ലാപ്പോഴും-അ. എല്ലാസമയത്തും.

എല്ലാററിലും-ഒക്കെയിലും, മുഴുവനിലും.

എല്ലാരും, എല്ലാവരും-സകല മനുഷ്യരും.

എല്ല്-അസ്ഥി. പര്യായങ്ങൾ-കീകസം, കുല്യം, അസ്ഥി.

എല്ലുകാമ്പു-അസ്ഥിസാരം, അസ്ഥിഗതം, മജ്ജ.

എല്ലുരുക്കം-എല്ലുരുകിപ്പോകുന്ന ഒരു രോഗം.

എവിടുത്തു-അ. എവിടെ.

[മാധവനെവിടുത്തു, എന്ന ഉദ്യോഗപർവം പ്രയോഗം കാണുക. 'കോട്ടയം' 'കൊല്ലം' ഇത്യാദിയിൽ 'ത്തു' ചേർത്തു കോട്ടയത്ത്, കൊല്ലത്ത് ഇത്യാദി രൂപമുണ്ടാകുന്നതുപോലെ എവിടം എന്നതിൽനിന്ന് 'എവിടുത്തു' എന്ന രൂപം ഉണ്ടായി.]

എവിടെ-അ. ഏതുദിക്കിൽ.

എവിടെയും-അ. ഏതുദിക്കിലും, ഒരു ദിക്കിലും.

എഷ്ടിമധുകം-ഇരട്ടിമധുരം, അതിമധുരം.

എഷ്ടി-ഇരട്ടിമധുരം.

എഷ്ട്യാഹ്വാ-ഇരട്ടിമധുരം.

എളങ്ങല്ലൂർസ്വരൂപം-ഇടപ്പിള്ളി രാജവംശം.

എളി-അരക്കെട്ട്. (ഗ്രാ.)

എളി-(വ്യാകരണത്തിൽ) ഘോഷാഭേദങ്ങളിൽ ഒന്ന്.

എളിമ-ഭൂ. താണസ്ഥിതി. ഉ. അടക്കം. ന. ബലക്ഷയം ര ദരിദ്രത.

എളിയ-വി. ഭൂ. താണ. ഉ, അശക്തിയായ.

എളിയോൻ-നിസ്സാരൻ.

എളുതു-വി. എളുപ്പമുള്ള, കഴിയുന്ന.

എളുപ്പം-അ. പ്രയാസംകൂടാതെ, വേഗം.

എളേടത്ത് - വേണാട്ടു പ്രദേശം പണ്ട് അഞ്ചു രാജ്യമായി വിഭജിച്ചിരുന്നതിൽ ഒന്ന്.

എള്ള്-എണ്ണയുള്ള ഒരു ധാന്യം.

[ഇതു കൈപ്പും എരിപ്പുമാണ്. ഉഷ്ണവീര്യമാകുന്നു. ത്വക്കിനു ഹിതം. സ്നിഗ്ദ്ധമാകുന്നു. കഷായമധുരരസം. വാതത്തെ ക്ഷയിപ്പിക്കും, മേധാ, അഗ്നി, കഫം, പിത്തം, ബുദ്ധി, കേശം ഇവയെ വർദ്ധിപ്പിക്കും. മൂത്രത്തെ കുറയ്ക്കും. ദീപനമുണ്ടാക്കും. എള്ള് കറുത്തും വെളുത്തും ചെമന്നുമുള്ള നിറങ്ങളിലുണ്ട്. ഇവയിൽ മേലേമേലേതിനു ഗുണം ക്രമമായി കൂടിയിരിക്കും. ഇതിന്റെ ഇല വാതളവും കടുതിക്താളവും ഭേദിയുമാകുന്നു. എള്ളെണ്ണ എണ്ണകളിൽ പ്രധാനമാണ്.]

എള്ളോളം-എള്ളളവ്.

എഴ-ഭൂ. നീളമുള്ള കോൽ. ഉ. നീളമുള്ള നൂൽ. ന. പായുടെ അളി.

എഴിമല-ഒരു പർവതം.

എഴിൽ-ബലം.

എഴു-ഭൂ. മുതലെടുപ്പ്. ഉ. ഉയരം. ന. ഉന്തിനില്പ് ര മുഴുപ്പ്. ത. ഏഴ് എന്ന അക്കം. ഉ ം, ഏഴുപത്.

എഴുക-കട്ടിലിന്റെ കാൽ ഉളച്ചു ചെലുത്തുന്ന മരം.

എഴുക-ഭൂ. പൊങ്ങുക. ഉ. വളരുക. ന. ഉണരുക. ര. ഏറ്റുനില്ക്കുക.

എഴുതുക-ഭൂ. അക്ഷരം പതിക്കുക. (അടിയതൽ എന്നതു നോക്കുക.) ഉ. ചിത്രം വരയ്ക്കുക. ന. കണ്ണിൽ മഷിതേയ്ക്കുക. [സം-ക്രി ലേഖിക്കുക.]

എഴുത്തച്ഛൻ-ആശാൻ, ഗുരു, എഴുതിക്കുന്നവൻ.

[തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ മലയാളഭാഷയുടെ ആദിപിതാവാകുന്നു. കൊല്ലവർഷം ൭൦൦-നും, ൮൦൦-നും മദ്ധ്യേ ജീവിച്ചിരുന്നു. ജാതിയിൽ ചക്കാലയാണ്. അച്ഛൻ സർവശാസ്ത്രപാരംഗതനായ നീലകണ്ഠൻ നമ്പൂതിരിയാകുന്നു. ജനനസ്ഥലം തിരൂർ തീവണ്ടി ആഫീസിനു സമീപം തൃക്കണ്ടിയൂർ എന്ന ദിക്കിൽ ഒരു ഭവനമാണ്. കിളിപ്പാട്ട് എന്ന പുതിയ രീതി കണ്ടുപിടിച്ചതു് ഇദ്ദേഹമാണത്രെ].

എഴുത്താൻ-വി. ചിത്രമെഴുതിയ, ചായം പിടിച്ച.

എഴുത്തൻ-എഴുത്തുകാരൻ.

എഴുത്താണി-എഴുതുന്ന നാരായം.

എഴുത്താണിപ്പച്ച-എലിച്ചെവിയൻ.

എഴുത്താണിവാലൻ-ചേര. (നായാട്ടു പേർ).

എഴുത്താശാൻ-ഗുരു.

എഴുത്തു്-൧. എഴുതുക, അക്ഷരം. ൨. ചിത്രം. ൩. വിദ്യ. ചീട്ടുകറിമുതലായവ

എഴുത്തുപള്ളി-പാഠശാല.

എഴുത്തോല-കരിമ്പനയോല.

എഴുനിന്നു-എഴുന്നേറ്റു.

എഴുനിലമാടം-ഏഴുനിലമാളിക.

എഴുന്തീയ്-കാട്ടുതീയ്.

എഴുന്നരുളത്തു്, എഴുന്നള്ളത്തു-ബ്രാഹ്മണർ രാജാക്കന്മാർ മുതലായവർ പോകയോ വരികയോ ചെയ്യുന്നതിനു പറയുന്ന പേർ.

എഴുന്നരുളുക-എഴുന്നള്ളുക.

എഴുന്ന-വി. പൊങ്ങിനില്ക്കുന്ന.

എഴുന്നില്ക്ക, എഴുനില്ക്ക, എഴുന്നേല്ക്ക-ഉയരുക. എഴുന്നനില്ക്ക എന്നതിൽ നിന്നു വന്നതായിരിക്കണം. അതു ലോപിച്ചു എണീക്ക എന്നും ആയിട്ടുണ്ട്.

എഴുന്നെള്ളത്തു്-ഘോഷയാത്ര. (അടിയോൽ എന്നതിൽ യാത്ര എന്ന പദം നോക്കുക.)

എഴുന്നെള്ളിയേടം-തിരുമേയ്.

എഴുന്നേള്ളിയേടത്തമ്മാർ-തളിപ്പറമ്പിലുള്ള ഒരു ബ്രാഹ്മണവർഗ്ഗം.

എഴുന്നേല്ക്ക-ഉയരുക.

എഴുമ്പുല്ല്-ഒരുമാതിരി വലിയ പുല്ല്.

എഴുന്നെള്ളിക്ക, എഴുന്നള്ളിക്ക-ഘോഷയാത്ര പുറപ്പെടുവിക്കുക.

എഴുമ്പുക-പൊങ്ങുക, വർദ്ധിക്കുക.

എഴുമ-പൊക്കം, ഉയരം.

എഴുവർ-ഏഴുപേർ.

എറ-ഇറ.

എറി-ഏറ്.

എറികണ്ണു്-ചുളിച്ചുനോക്കുക.

എറിക്കുക-തടിയുടെ വെള്ള കളഞ്ഞു ഉരുട്ടുക.

എറിപ്പ്-എറിച്ചിൽ.

എറിയൻ-കണ്ണിൽ ചിലപ്പോൾ വീഴാറുള്ള ഒരു വക ചെറിയജന്തു.

എറിയുക-൧. കളയുക. ൨. ചാട്ടുക.

എറുക-നെറ്റി.

എറുമ്പ്-ഉറുമ്പ്.

എറുമ്പൊഴുക്കൽ-രോമാവലി.

എററു്-൧. അലക്ക്. ൨. അടി. ൩. കണി, കണ്ണി, കരുക്ക്.

എററുക-൧. അലക്കുക. ൨. അടിക്കുക.

# ഒ

ഒ-ഒരു സ്വരാക്ഷരം. (കണ്ഠതാലവ്യം.)

ഒ-ഒരു വ്യാക്ഷേപകം. ൧. ഓർമ്മ. ൨. മനസ്സലിയുക. ൩. വിളിക്ക. ൪. അനുസരണം. ൫. ഭയം, ഉറപ്പ്. ൬. ബ

ന്ധം ൭. മാത്രം. ൮ വിഷ്ണു. ൯. കരണം. ൧൦. അസൂയ. ൧൧. ആക്ഷേപം, നിന്ദ.

ഏക-വി. ൧. ഒന്നായ, ഒററയായ. ൨. മാത്രമായ. ൩. മറെറാന്നിനോടുകൂടാത്ത. ൪. ഉറപ്പായ. ൫. മാററപ്പെട്ടില്ലാത്ത. ൬. ശ്രേഷ്ഠമായ. ൭. ഒന്നിൽ തന്നെ ചേൎന്ന. ൮. അതുല്യമായ. ൯. ചെറുതായ. ൧൦. സത്യമായ.

ഏകക-വി. താനേയുള്ള, ഒന്നു മാത്രമായിട്ടുള്ള.

ഏകകണ്ടകം-വയൽച്ചുള്ളി.

ഏകകൻ-ആരും സഹായമില്ലാതെ ഒററയായിട്ടുള്ളവൻ.

ഏകൽ-കൊടുപ്പു്, ഭാഗ്യം, വിധി.

ഏകാ-ദുൎഗ്ഗാ.

ഏകകാലിക, ഏകകാലീന-വി. ഒരേ കാലത്തുള്ള.

ഏകകുണ്ഡലൻ-൧. കുബേരൻ. ൨. ബലഭദ്രൻ. ൩. ശേഷൻ.

ഏകഗുരു-ഒരു ഗുരുവിങ്കൽനിന്നു വിദ്യാഭ്യാസം ചെയ്തവർ അന്യോന്യം വിളിക്കുന്ന പേർ. മറെറാരു പൎയ്യായം-സതീൎത്ഥ്യൻ.

ഏകചക്ര ഒരു നഗരം. വ്യാസൻെറ ഉപദേശം ഹേതുവായിട്ടു പാണ്ഡവർ ഇവിടെ കുറെക്കാലം താമസിക്കയുണ്ടായി

'ജടയും വല്ക്കലവും ധരിച്ചു പാണ്ഡവന്മാ-
രടവികളും പല നദിയും ഗിരികളും
കടന്നുപോന്നിതു് ഏകചക്രയാം ഗ്രാമം പുക്കാർ
നടന്നാരവിടെയും ഭിക്ഷയായൊരോട്ടുകാലം'
(ഭാരതം)

ഏകചരം-ഒരു കാട്ടുമൃഗം.

ഏകചിത്തൻ-ഒരു കാൎയ്യത്തിൽ തന്നെ ബുദ്ധി ചെന്നിരിക്കുന്നവൻ.

ഏകഛത്രാധിപതി-൧. ഭൂമി ഒട്ടുക്കു അടക്കി ഭരിക്കുന്നവൻ. ൨. ചക്രവൎത്തി.

ഏകജൻ-സോദരൻ, ഒരേ അച്ഛനമ്മമാൎക്കുണ്ടായവൻ.

ഏകജ്യോതിസ്സ്-ശിവൻ.

ഏകണി, ഏകണിപ്പ്-ഏഷണി.

ഏകതഃ-അ. ഒരിടത്തു്.

ഏകത, ഏകത്വം - ഒന്ന് എന്നുള്ള സ്ഥിതി, ഐക്യം.

ഏകതമ-വി. പലതിൽ ഒന്ന്.

ഏകതരം-വി. ൧. വേറെയൊട്ടൊന്നു, അന്യം. ൨. രണ്ടിൽ ഒന്നു.

ഏകതാന-വി. ഒരു കാൎയ്യത്തിൽ തന്നെ ബുദ്ധിചെന്നിരിക്കുന്ന.

ഏകതാനത-ഏകാഗ്രത്വം.

'നന്മയോടരശനെപ്പോഴും ജനഹി-
തൈകതാനത ഭവിക്കണം'
(ശാകുന്തളം)

ഏകതാളം-ഒററത്താളം.

[സമന്വിതലയസ്തു ഏകതാള ഇത്യുച്യതേ=ലയം വഴിപോലെ ഏതിൽ ചേൎന്നിരിക്കുന്നുവോ അതു ഏകതാളം. 'ലയം' എന്നാൽ നൃത്തഗീതവാദ്യങ്ങളുടെ ശരിയായ കലാശം ആകുന്നു]. വേണ്ടവിധത്തിൽ യോജിച്ചുനില്ക്കുന്നതായ ഗീതവാദ്യപാദവിന്യാസങ്ങളുടെ ക്രിയാകാലസാമ്യാവസ്ഥ.

ഏകത്ര-അ. ഒരിടത്തു്.

ഏകദന്തൻ, ഏകദംഷ്ട്രൻ-ഒററക്കൊമ്പൻ, ഗണപതി.

ഏകദാ-അ. ഒരിക്കൽ, ഒരു കാലത്തു് (ഒരു നാൾ).

ഏകദൃഷ്ടി-൧. കാക്ക. ഒരു കണ്ണിൽ മാത്രം ദൎശനശക്തിയുള്ളതിനാൽ ഈ പേർ വന്നു. രണ്ടുകണ്ണുകൊണ്ടു നോക്കാൻ ഭാവിക്കുന്ന അതിൻെറ ദൎശനശക്തി കാണുകയുള്ളൂ എന്നറിക.

ഏകദേശം-അ. ൧. മിക്കവാറും. ൨. ഒരു ദേശം. ൩. ചില അംശം.

ഏകദേഹൻ-ബുധൻ.

ഏകധനം-പു. നല്ല സമ്മാനം. വ. ചില വിശേഷദിവസങ്ങളിൽ വെള്ളം കോരുന്ന ഒരു പാത്രം.

ഏകധാ-പു. ഒരുപ്രകാരം. വ. ഒരിക്കൽ ന. ചിലപ്പോൾ.

ഏകധുര, ഏകധുരാവഹ, ഏകധുരീണ-വി ഒരുവേലതന്നെ എടുക്കുന്ന.

ഏകധുരീണൻ, ഏകധുരൻ-പു. ഒരു ഭാരത്തെ വഹിക്കുന്നവൻ. വ. വണ്ടി കരി മുതലായതിൽ ഏതെങ്കിലും ഒരു ഭാരത്തെ തന്നെ വഹിക്കുന്ന കാള.

ഏകൻ-പു. ഒരുത്തൻ. വ വിഷ്ണു. ന. ബ്രഹ്മം. ര. മുഖ്യൻ. ഉ. അന്യൻ. ന്യ. കേവലൻ.

ഏകനവതം-തൊണ്ണൂറ്റൊന്നാമത്തേ.

ഏകനവതി-തൊണ്ണൂറ്റൊന്നു.

ഏകനാഥൻ-താൻ തന്നെ നാഥനായുള്ള എന്നുള്ളവൻ.

ഏകനായക-വി. ഒരുവൻ തന്നെ പ്രമാണിയായ.

ഏകനായകാ-പൊൻകര(റ)ണ്ടി.

[ഇതു മോഹത്തെ നശിപ്പിക്കും വിഷത്തിനു നന്നു.]

ഏകനിഷ്ഠ-വി. ഒരു കാര്യത്തിൽ തന്നെ ബുദ്ധിചെന്നിരിക്കുന്ന.

ഏകപഞ്ചാശത്തു-അമ്പത്തൊന്നു.

ഏകപതിക-വി. ഒരു ഭർത്താവുള്ള.

ഏകപത്രം-ഓരിലത്താമര.

ഏകപദം-അ. പു. അപ്പോൾ. വ. ഒരിക്കൽ ന. ഒരു വചനം, ഒരു പദം.

ഏകപദി-വഴി. ഓരോരോ കാലടിയുള്ളതു് എന്നർത്ഥം.

ഏകപദീമാർഗ്ഗം-ഒററയടിപ്പാത.

ഏകപർണ്ണാ-ഹിമവാന്നു മേനയിലുള്ള ഒരു പുത്രി.

[ഹിമവാന്നു മേനയിൽ ഉള്ള പുത്രിമാരാണു് ഏകപർണ്ണാ, ഏകപാടലാ, അപർണ്ണാ ഇവർ മൂന്നുപേരും. അവർ മൂവരും കൃച്ഛ്രതപസ്സുചെയ്തു. ഏകപർണ്ണാ ഒരിലയും ഏകപാടലാ ഒരു പാടലയും മാത്രം ഭക്ഷിച്ചു ജീവിച്ചു. അപർണ്ണ ഒരു ഇലയാപോലും ഭക്ഷിച്ചില്ല. ഇതു കണ്ടു അപർണ്ണയുടെ അമ്മ 'ഉ-മാ' (മാ) അരുതു എന്നു പറഞ്ഞു. അതു നിമിത്തം ആ ദേവി ശിവന്റെ പത്നിയായ ഉമയായി ഭവിച്ചു.]

ഏകപാടലാ-ഹിമവാന്നു മേനയിലുള്ള ഒരു പുത്രി. [ഏകപർണ്ണശബ്ദം നോക്കുക]

ഏകപാദികാ-പക്ഷികളുടെ ഒരുമാതിരി കിടപ്പു്.

ഏകപാൽ, ഏകപാത്തു്-പു. ഒററക്കാലൻ. വ. ശിവൻ.

ഏകപിംഗൻ-വൈശ്രവണൻ. പിംഗലമായ (പഴുപ്പുനിറമായ) വർണ്ണമുള്ള ഒരു കണ്ണോടുകൂടിയവൻ.

[വൈശ്രവണൻ, പരമേശ്വരന്റെ വാമാങ്കത്തിൽ സ്ഥിതിചെയ്യുന്ന പാർവ്വതിയെ ഒരിക്കൽ അസൂയയോടുകൂടി നോക്കിയതിനാൽ ഒരു കണ്ണു പൊട്ടിപ്പോയി. പാർവ്വതിക്കു മനസ്സമാധാനം, ശിവന്റെ അനുനയം-ഹേതുവായിട്ടു-ഉണ്ടായപ്പോൾ എല്ലാക്കാലവും ഓർമ്മയിരിക്കത്തക്കവണ്ണം ആ നോക്കിയ കണ്ണിനെ പിംഗലനിറമാക്കിത്തീർത്തു].

ഏകം-പു. ഒന്നു. വ. ശ്രേഷ്ഠം. [ഏക എന്നതു നോക്കുക].

ഏകമനസ്സ്-വി. ഒരുപോലെമനസ്സുള്ള.

ഏകമൂല-മൂവില.

ഏകയഷ്ടികാ-ഒരിഴമാത്രമായിട്ടുള്ള മുത്തുമാല. [മറെറാരുപര്യായം-ഏകാവലി].

ഏകരം-ഉയരം (നീചമാണു്).

ഏകരാത്രം-ഒരു രാത്രി മുഴുവനുള്ള ദരളി യന്ത്രം.

ഏകരീതി-ഒരുമ്പാടു, തുല്യത.

ഏകൽ-൧. ഉച്ചാരണം. ൨. കല്പന. ൩. ശാസന. ൪. ഭാഗ്യം, വിധി. ൫. അനുഗ്രഹം. ൬. പ്രതിജ്ഞ. ൭. കൊടുപ്പ്.

ഏകവചനം-൧. ഒരു വാക്ക്. ൨. (വ്യാകരണത്തിൽ) വചനങ്ങളിൽ ഒന്ന്, ഒന്നിനെ കുറിക്കുന്നത്.

ഏകലൻ-ഏകൻ, ആരും സഹായമില്ലാതെ ഒറ്റയായുള്ളവൻ.

ഏകലവ്യൻ-ദ്രോണശിഷ്യന്മാരിൽ ഒരുവൻ, നിഷാദരാജാവിന്റെ പുത്രൻ. 'ഏകലവ്യനെക്കണ്ടുകുരച്ചു സാരമേയം' (ഭാരതം)

ഏകവസ്ത്രൻ-ഒരു വസ്ത്രം ധരിച്ചവൻ.

ഏകവിംശതി-വി. ഇരുപത്തിയൊന്ന്.

ഏകവിലോചനൻ-ശിവൻ.

ഏകശാസന-വി. ഒരുവന്റെ കല്പനതന്നെയുള്ള.

ഏകശാസനം-ഒരു രാജാവിന്റെ വരുതി.

ഏകശൃംഗം-കാണ്ടാമൃഗം.

ഏകസപ്തതി-വി. എഴുപത്തൊന്ന്.

ഏകസർഗ്ഗ-വി. ഒരു കാര്യത്തിൽ തന്നെ ബുദ്ധിചെന്നിരിക്കുന്ന, ഒരൊറ്റനിശ്ചയത്തോടുകൂടിയ.

ഏകഹായനി-ഒരു വയസ്സുചെന്ന പശു

ഏകാകി-വി. താനേയുള്ള. [സ്ത്രീ-ഏകാകിനി]

ഏകാകിത്വം-താനേയുള്ള എന്നസ്ഥിതി

ഏകാക്ഷൻ-ശിവൻ.

ഏകാക്ഷം-കാക്ക.

ഏകാഗാരികൻ-കള്ളൻ.

ഏകാംഗൻ-വിഷ്ണു.

ഏകാംഗം-ചന്ദനം.

ഏകാഗ്ര-വി. ൧. ഒരു കാര്യത്തിൽതന്നെ ബുദ്ധിചെന്നിരിക്കുന്ന, ഒരേടത്തുതന്നെ മനസ്സു നിറുത്തിയ. ൨. കലക്കപ്പെടാത്ത.

ഏകാഗ്രചിത്ത-വി. ഒന്നിച്ചുതന്നെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന.

ഏകാഗ്രത, ഏകാഗ്രത്വം-ഒരിടത്തുതന്നെ മനസ്സു നിറുത്തിയ സ്ഥിതി.

ഏകാഗ്ര്യ-വി. ൧. അധികം താല്പര്യമുള്ള. ൨. ഒന്നിൽതന്നെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന.

ഏകാദശരുദ്രന്മാർ- അജൈകപാത്ത്, അഹിർബുധ്ന്യൻ, വിരൂപാക്ഷൻ, സുരേശ്വരൻ, ജയന്തൻ, ബഹുരൂപൻ, അപരാജിതൻ, സാവിത്രൻ, ത്ര്യംബകൻ, വൈവസ്വതൻ, ഹരൻ ഇങ്ങിനെ പതിനൊന്നു രുദ്രന്മാർ.

ഏകാദശി-പതിനഞ്ചുപക്കങ്ങളിൽ പതിനൊന്നാംപക്കം.

ഏകാന്ത-വി. ൧. അധികമായ. ൨. തനിച്ചുള്ള. ൩. വേറെ.

ഏകാന്തം-൧. ഏററവും. മുഖ്യമായ നിശ്ചയമുള്ളത് എന്നത്ഥം. ൨. രഹസ്യസ്ഥലം. ൩. അധികത. ൪. ഏകത്വം.

ഏകാബ്ദാ-ഒരുവയസ്സുചെന്ന പശു.

ഏകായന-വി. ഒരേമാർഗ്ഗത്തെ ആശ്രയിച്ച, ഒന്നിൽതന്നെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന.

ഏകായനഗത-വി. ഒന്നിൽതന്നെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന.

ഏകാരം-ഏ എന്ന അക്ഷരം.

ഏകാർഗ്ഗളം- നവദോഷങ്ങളിൽ ഒന്ന്. (ജ്യോതിഷത്തിൽ.) നവദോഷങ്ങൾ-ഗുളികൻ, വൃഷ്ടി, ഗണ്ഡാന്തം, വിഷം, ഉഷ്ണം, ഏകാർഗ്ഗളം, സാർപ്പശിരസ്സ്, ലാടം, വൈധൃതം.

ഏകാവലി-൧. ഒരിഴമാത്രമായിട്ടുള്ള മുത്തുമാല ൨. ഒരലങ്കാരം.

[മുൻമുൻ ചൊന്നതു പിൻപിൻ വരുന്നതിന് ഏതുവിധമെങ്കിലും വിശേഷണമാകത്തക്കവണ്ണമോ അല്ലെങ്കിൽ നേ

രമറിച്ചാ പിടിച്ചുവിടുന്ന മട്ടിൽ വി ശേഷണവിശേഷ്യങ്ങളെ ചങ്ങലകോർക്കുന്നത് ഏകാവലി-കാവ്യാലങ്കാരം.]

ഏകാശ്രയ-വി. ഒരാശ്രയംതന്നെയുള്ള.

ഏകാഷ്ടക-വി. ഇന്ദ്രസോമന്മാരുടെ മാതാവ്, ഒരു പ്രജാപതിയുടെ മകൾ.

ഏകാഷ്ഠീലാ-കൊമ്മന്ദാരം. ഒരസ്ഥിയുള്ളതെന്നർത്ഥം. [രുദ്രമന്ദാരം എന്നും വെള്ളമന്ദാരം എന്നും കൂടി കാണുന്നുണ്ട്.]

ഏകാഷ്ഠീലാ-പാട (പാടവള്ളി) മുഖ്യമായ സാരമുള്ളത് എന്നർത്ഥം.

ഏകാഹം-നാ. ഒരു ദിവസം. ൧. മരിച്ചാൽ പതിനൊന്നാം ദിവസത്തിൽ ചെയ്യുന്ന ഒരു വൈദികകർമ്മം.

ഏകിപ്പറക-നിന്ദിച്ചു പറക.

'കൃഷ്ണനോടുചൊന്നകിപ്പറവാനും
ചെയ്യില്ലാതെതീർന്നിൻവാക്കിനാൽ'
(സന്താനഗോപാലം പാന)

ഏകിയ-വി. ആജ്ഞാപിച്ച,

ഏകീകരണം-ഒന്നാക്കൽ

ഏകീകരിക്ക-ഒന്നാക്കുക

ഏകീകൃത-വി. ഒന്നാക്കപ്പെട്ട.

ഏകീഭവിക്ക-ഒന്നാവുക.

ഏകീഭൂത-വി. തനിച്ചായ.

ഏക്കുക-നാ. നൽകുക, കൊടുക്കുക. ൧. കല്പിക്കുക. ൨. ഉച്ചരിക്കുക. ൩. ശാസിക്കുക. ൪. പ്രതിജ്ഞചെയ്ക ൫. സമ്മതിച്ചു പറക.

'മോമനതാതനൊപ്പാവതിന്നകിനാൻ'
(ഭാരതം)

ഏകിനാൻ=സമ്മതിച്ചു പറഞ്ഞു

ഏകൈകം-അ. ഓരോന്നു, ഓരോന്നായി

ഏകോത്ഭവം-യോജിച്ചുചേർന്നുള്ള സ്ഥിതി ഐകമത്യം

ഏകോപിക്ക-യോജിച്ചുചേരുക.

ഏകോനവിംശതി-വി. പത്തൊമ്പത്.

ഏക്കനന-മുൻകുട്ടി.

ഏക്കം-ശ്വാസം അധികമായി വലിക്കുക, നെടുവീർപ്പ്.

ഏക്കി-യക്ഷി.

ഏച്ചുക, ഏശ്ശുക-കൂട്ടിക്കെട്ടുക, കൂട്ടിത്തയ്ക്കുക, ഒന്നിച്ചുചേർക്കുക (ഏച്ച്.)

ഏങ്കോണിക്ക-നാ. കോണോടുകോണാകുക. ൧. മട്ടം തെറ്റുക. ൨. മൂരികളും കാൽ കൈകൾ സങ്കോചിപ്പിച്ചുകിടക്കുക. ൩. വളരെ കോണുകൾ ഉണ്ടാകുംവിധം സാധനങ്ങൾ വെക്കുക.

ഏങ്ങൽ-ശ്വാസം വലിക്കുക, നെടുവീർപ്പിടുക.

ഏച്ചിൽ-ഏച്ച്, ഏച്ചുകെട്ടുക.

ഏച്ചു-ക്ഷീണിച്ചു, തളർന്ന

ഏജക-വി. നടുങ്ങുന്ന.

ഏജതക-വി. വിറക്കുന്ന, നടുങ്ങുന്ന.

ഏജനം-വിറയൽ, നടുങ്ങൽ.

ഏട-വി മടങ്ങുള്ള.

ഏടം-നാ. ഇടം. ഉ-ം, ഓരിടം. ൧. സമയം.

ഏടാക്കൂടം-നാ. ദുർഘടം.

'ഏടാകൂടംവളരെയിടനാ
ളോടെപോകുന്നതാകിൽ'
(മയൂരസന്ദേശം)

൧. അപകടം. ൨. വിരോധം. ൩. വിരോധവാക്ക്. ൪. തടവ്. ൫. പ്രയാസം ൬. ഭോഷത്തം. ൭. ഉപദ്രവം. ൮. തൊറ്.

ഏട്ടുകെട്ടുക-പഠിത്തം മതിയാക്കുക, നിറുത്തുക (ഭാഷ).

ഏട്ട്-ഏഴു വയസ്സായിട്ട് വന്നെഴുതിച്ചുവെച്ച, അരമ്പ.

ഏട്ടുക-ഏശ്ശുക, ഏക്കുക.

ഏട്ടി-കഥ മസ്യം.

ഏട്ടൻ-ചേട്ടൻ.

ഏട്ടുകമ്പ്-ഞാനപ്പടി.

ഏട്ടുപടി-തമ്മപ്പടി

ഏഡൻ-ചെവി കേൾപ്പാൻ കഴിയാത്തവൻ, ചെകിടൻ. ലോകസ്ഥിതി ഒന്നും അറിയാത്തവൻ എന്നർത്ഥം.

ഏഡകം-ആട്ടുകൊററൻ, കറിയാട്. ഓടിനടക്കുന്നതും, ക്ഷേപിക്കുന്നതും എന്നർത്ഥം.

ഏഡകാ-പെണ്ണാട്.

ഏഡഗജം-തകര. ആന വൃക്ഷങ്ങളെ നശിപ്പിക്കുന്നതുപോലെ ആട് ഇവയെ നശിപ്പിക്കുന്നതിനാൽ ഈ പേരുണ്ടായി.

ഏഡ-വി. ചെവി കേൾക്കാത്ത.

ഏഡമൂകൻ-ഊമച്ചെകിടൻ. (മിണ്ടുന്നതിനും ചെവികേൾക്കുന്നതിനും വയ്യാത്തവൻ, ഏഡനും മൂകനുമായവൻ).

ഏഡൂകം-ഉറപ്പിനു വേണ്ടി അകമേ കല്ല്, അലക് ഇല്ലിമുള്ള മുതലായതു വെച്ചുകെട്ടിയുണ്ടാക്കപ്പെട്ട ചുമര്. 'വളരെ വിശേഷം' എന്നു പറയപ്പെടുന്നതു് എന്നർത്ഥം ഏഡുകം, ഏഡൂകം ഇങ്ങിനെയും പാഠങ്ങൾ കാണുന്നു

ഏഡവാലുകം-ഏലാവാലുകം.

ഏണതിലകൻ-ചന്ദ്രൻ.

ഏണദൃക്ക്-വി. മാൻകണ്ണുള്ള.

ഏണദൃക്ക്-പ്ര മകരംരാശി. വ. സുന്ദരി

ഏണനാഭി-കസ്തൂരിമൃഗം.

ഏണഭൃത്ത്-ചന്ദ്രൻ.

ഏണം-പ്ര. മാൻ. വ. കൃഷ്ണമൃഗം ഓടുന്നതു് എന്നർത്ഥം. ന. വിശാലമായ കണ്ണുകളുള്ള കറുത്ത മാൻ. (ഏണകം എന്നുമാകാം).

ഏണലാഞ്ഛനൻ-ചന്ദ്രൻ.

ഏണലോചന-മാൻകണ്ണി, സുന്ദരി. [ഏണമിഴി, ഏണനയന, ഏണനേത്ര ഇത്യാദി.]

ഏണാക്ഷിപ്പ്-അക്ഷിയായ കൊതി.

ഏണാങ്കചൂഡൻ-ശിവൻ. ചന്ദ്രനെ ആഭരണമാക്കിയതുകൊണ്ട് ഈ പേർ വന്നു.

ഏണാങ്കബിംബം-ചന്ദ്രമണ്ഡലം.


ഏണാങ്കൻ-ചന്ദ്രൻ.

ഏണാങ്കമൌലി-ശിവൻ

ഏണാങ്കശേഖരൻ-ശിവൻ.

ഏണാജിനം-മാൻതോൽ.

ഏണി-കോവിണി. ശ്രേണി എന്ന പ്രകൃതിയുടെ വികൃതി



ഏണി-മാൻപേട.

ഏണിക്ക-നേരെയാവുക. ഇതിനു വിപരീതമത്രേ കോണിക്ക.

ഏണീദൃക്ക്-മാൻകണ്ണി, സുന്ദരി.

ഏണീപദം-ഒരു മാതിരി സർപ്പം.

ഏണ്-വക്ക്, ചിരട്ടയുടെ മൂന്നുകോണ്.

ഏതദീയ-വി ഇതിനെ സംബന്ധിച്ച.

ഏത-വി. പ്ര പലനിറമുള്ള. വ. ചെന്നുചേർന്ന.

ഏതനം-പ്ര നശിക്ക വ. ഒരുവക മത്സ്യം. ന. ശ്വാസം വലിക്കുക.

ഏതം-പ്ര നാനാവർണ്ണം. പലനിറങ്ങളും ചേർന്നു പ്രത്യക്ഷനിറമായതു് എന്നർത്ഥം. വ. മാൻ. ന. പാപം.

ഏതൽ-ഈ, ഇതു്.

ഏതർഹി-അ. ഇപ്പോൾ.

ഏതാ-നാനാവർണ്ണമുള്ളവൾ, നനാവർണ്ണമോരോന്നപക്ഷിയും ഏനി.

ഏതാദൃക്ക്-അറിയാത്ത വസ്തു.

ഏതാദൃശ-ഇതുപോലെയുള്ള.

ഏതാനം-അ. അല്പം, കുറ.

ഏതാദൃശ്യ യാതൊരു.

ഏതാവൽ-അ. ഇത്രത്തോളം.

'ഏതാവൽസകലംമദ്സ്യഹമിഹ നിയതം'

(അമരുകശതകം)

ഏതു്-അറിയാഞ്ഞു ചോദിക്കുന്ന ഒരു വാക്കു്.

ഏതുമേ-അ അല്പംപോലും.

ഏതേതു-ഏതു് ഏതു്.

ഏത്തം-വടക്കർ ഇതിനെ ആഴത്തിൽ നിന്നു വെള്ളം വലിക്കാനുള്ള 'ഏത്തം' എന്ന യന്ത്രത്തിനു സംബന്ധപ്പെട്ട ഏന്തൊ ഒരു സാധനമെന്നു പറയുന്നു. തെക്കർ ഇതിനെ നേന്ത്രക്കായ്ക്കു ഉപയോഗിച്ചുവരുന്നു.

ഏത്തക്കായ്-നേന്ത്രക്കായ്. (ഒരുവിധം വാഴയ്ക്കു.)

ഏത്തം-പ്ര. വന്ദനം. വ. വെള്ളംകോരുന്ന ഒരു യന്ത്രം (തുലാം) പര്യായങ്ങൾ-ഉദ്ഘാടനം, ഘടീയന്ത്രം.

ഏത്തമിടുക-ഇടത്തുകൈ വലത്തുചെവിയിലും വലത്തുകൈ ഇടത്തുചെവിയിലും പിടിച്ചും കാലുരണ്ടും പിണച്ചും നിന്നു കൈയുടെ മുട്ടുരണ്ടും നിലത്തു മുട്ടിച്ചു വന്ദിക്കുക.

[ഇതു പണ്ടു പള്ളിക്കൂടങ്ങളിൽ ആശാന്മാരുടെ കാലത്തു കുട്ടികളിൽ നടത്തിവന്ന ഒരു ശിക്ഷയാകുന്നു.]

ഏത്തവാഴ-നേന്ത്രവാഴ.

ഏത്താക്കൾ-പാട്ടുകാർ. [തമിഴിൽ ഏത്തു=സ്തുതിക്ക, വന്ദിക്ക. ആട്കൾ=ആളുകൾ]

ഏത്താപ്പു്-സ്ത്രീകൾ മറെത്തിടുന്ന വസ്ത്രം.

ഏത്തായ-വായ്നീർ. പര്യായങ്ങൾ-ലാലാസൃണിക, സൃണികാ.

ഏദിധിഷുപതി-ജ്യേഷ്ഠത്തി വിവാഹം കഴിക്കുന്നതിനു മുമ്പ് അനുജത്തിക്കു വരുന്ന ഭർത്താവിനു പറയുന്ന പേർ.

ഏധമാന-വി. വർദ്ധിക്കുന്ന.

ഏധസ്സു്-വിറകു്. അഗ്നി ഇതുകൊണ്ടു വർദ്ധിക്കുന്നതിനാൽ ഈ പേരുണ്ടായി.

ഏധാ-ധനാഭിസൂചി.

ഏധ-അ. പ്ര. മൃഗയം. വ. വർദ്ധനം.

ഏധിത-വി. വർദ്ധിക്കപ്പെട്ട, വർദ്ധിച്ച.

ഏധിതം-വർദ്ധിച്ചതു്.

ഏനപ്പാത്തി-മത്സ്യം വാററുന്ന പാത്രം.

ഏനപ്പെടുക-ഒരുങ്ങുക. [സ ക്രി. ഏനപ്പെടുത്തുക.]

ഏനസ്വത്ത്, ഏനസ്വീ-വി. പാപമുള്ള, കററമുള്ള.

ഏനസ്സ്-പ്ര. പാപം. അയോഗ്യതിക്കു കാരണമായതു് എന്നർത്ഥം. വ. കററം.

ഏനസ്യ-വി. പ്ര. പാപമുള്ള. വ. കററമുള്ള.

ഏനി-നാനാവർണ്ണമുള്ളവൾ, നാനാവർണ്ണം.

ഏനം-പ്ര. തരം, അവസരം. വ, ഭംഗി. ന. യോഗ്യത. ർ. ഒരുക്കം.

ഏനം-പ്ര. യോഗ്യമായ വ, ഭംഗിയുള്ള.

ഏന്തൽ-പ്ര. മുടന്തു്. വ. കൈയിൽ എടുത്തു പിടിക്കുക.

ഏന്തുകാൽ-മുടന്തുകാൽ

ഏന്തുക-പ്ര. മുടന്തുക. വ. കൈയിൽ എടുത്തു പിടിക്കുക, വഹിക്കുക.

ഏന്ത്രം-യന്ത്രം.

ഏമ്പക്കം-മേല്പെട്ടുള്ള ഒരു ശ്വാസവേഗം.

[വയറു നിറയുമ്പോൾ സാധാരണ ഇതു വരാറുണ്ടു്.]

ഏമ്പൽ-ഏമ്പക്കം.

ഏമ്പലം-ഏമ്പക്കം.

ഏമ്പു്-ഏപ്പു്.

ഏപ്പു്-ചേപ്പു്, സന്ധി.

ഏഭ്രൻ-മോശക്കാരൻ.

ഏമാളി-ഇരപ്പാളി.

ഏമാററം-പ്ര. കെടുമറിപ്പു്, ചതിവു്. വ. ഭക്ഷണത്തിനുള്ള ആഗ്രഹം.

ഏയ്ക്കുക-കഷ്ണിക്കുക, ഞെരുക്കുക.

ഏയു്-ഇണ.

ഏരകപ്പുല്ലു്-കടൽപ്പുല്ലു്, ഞെട്ടിപ്പുല്ലു്.

'വാരിധിതീരത്തെ കൽപൂരിതകൃതമായോ-
രേരകകണിശങ്ങൾകൊണ്ടുതങ്ങളിൽതന്നെ'
(ഭാഗവതം)

ഏരകാ-ഏരകപ്പുല്ല്.

ഏരകം-ന. ചെങ്കോലം, ആട്ടുരോമം കൊണ്ടുള്ള കമ്പിളി. വ. എഴുമ്പുല്ല്.

ഏരണ്ഡദ്വയം-ചെമന്ന ആവണക്കം വെളുത്ത ആവണക്കം.

ഏരണ്ഡം-ആവണക്ക്. രോഗത്തെ കളയുന്നത് എന്നർത്ഥം.

ഏരാ-എഴുമ്പുല്ല്.

ഏരംഗം-ഒരു വക മത്സ്യം.

ഏരാളൻ ന. ഏറാളനാട്ടിലുള്ളവൻ. വ. വീരൻ ന. ശൂരൻ

ഏരി ന. കൃഷിക്കുവേണ്ടി വെള്ളം കെട്ടി നിറുത്തിയ ചിറ മുതലായത്. പദ്യാർത്ഥം-'ആധാരം' ജലം ധരിക്കപ്പെടുന്നത് എന്നർത്ഥം, കൈത്തോടുകൾ വെട്ടി പുഴയിലുള്ള വെള്ളത്തെ ആ വഴിയൂടെ കൊണ്ടുചെന്നു കെട്ടിനിറുത്തുന്നിടം.

ഏരി, ഏരിക്കാൽ-വരമ്പിന്റെ രക്ഷക്കായിട്ടു നാട്ടുന്ന കോൽ.

ഏരിപിടിക്ക-വരമ്പിടുക.

ഏർകാൽ-ചക്രക്കാൽ.

ഏർക്കരു-കൃഷിക്കുള്ള ഉപകരണം.

ഏർമ്മ-ആഴമുള്ള ഉഴവ്.

ഏർവാരു, ഏർവാരുകം-വെള്ളരിക്ക.

ഏലകം-ആട്ടുകൊറ്റൻ, മുട്ടാട്.

ഏലക്കായ്-ഏലപ്പൂട്ടിൽ.

ഏലച്ചരക്ക്-മലകളിൽനിന്നു കിട്ടുന്ന ചരക്ക്.

ഏലത്തരി-ചിറ്റേലം, സ്ഥൂലം.

[സൌരഭ്യമുള്ളതാണ്. കഫവാതങ്ങളെ കളയും, ഏറെ രുചിയുണ്ടാക്കും. വൃഷ്യമാണ്. ശ്ലേഷ്മാവിനെ ശമിപ്പിക്കും മൂത്രകൃച്ഛ്രത്തിനു നന്ന്, മഹനത്തിനു കൊള്ളാം.]

ഏലപ്പൂട്ടിൽ, ഏലപ്പിട്ടിൽ-ഏലക്കായ്, ഏലത്തരിയുണ്ടാകുന്ന ചുള.

[ഇതു ദാഹത്തിനും ഛർദ്ദിക്കും നന്ന്].

ഏലംഗം-ഒരു വക മത്സ്യം.

ഏലാ-ഏലത്തരി.

ഏലം, ലേലം-വില്പാനുള്ള വസ്തുവിനെ പ്രസിദ്ധപ്പെടുത്തുക.

ഏലമല-ഏലത്തരിയുണ്ടാകുന്ന പർവ്വതം.

ഏലംവിളി, ലേലംവിളി-വില്പാനുണ്ടെന്നു വിളിച്ചുപറയുക. [ഇതു സാധാരണ കോടതികളിൽ നടന്നുവരുന്നു].

ഏലവിലൻ-വൈശ്രവണൻ.

ഏലസ്സ്-അരയിൽ കെട്ടുന്ന ഒരാഭരണം.

ഏലാ-ന. ഏലത്തെ, ഏലത്തരി. മുഖത്തുള്ള നാറ്റത്തെ (ദുർഗ്ഗന്ധത്തെ) കളയുന്നത് എന്നർത്ഥം. വ. തടിയും മറ്റും പിടിക്കുമ്പോൾ പാടുന്ന പാട്ട്.

ഏലാപത്രം-ഒരു നാഗം.

ഏലാപർണ്ണി-അരത്ത, ചിററരത്ത. ഏലയുടെ ഇലയ്ക്കു സദൃശമായ ഇലയുള്ളത് എന്നർത്ഥം.

ഏലായുഗ്മം-ചിറ്റേലവും പേരേലവും.

ഏലാവാലുകം-ഒരു മരുന്ന്. ഏലവള്ളിപോലെ ഇരിക്കുന്നത് എന്നർത്ഥം.

[ഇതു പാകത്തിൽ കടുവാണ്. കഫവാതരോഗങ്ങളെയും വിഷം, ചൊറി, കണ്ഡൂ, വ്രണം, ജ്വരം, ചുട്ടുനീറൽ ഇവയെയും ശമിപ്പിക്കും. ലഘുവും ശീതവുമാകുന്നു. യോനിരോഗത്തിനും വിഷത്തിനും കൊള്ളാം. ഏലാലുകം, ഏലവാലുകം, ഏല്യവാലുകം ഇങ്ങിനെ പാഠങ്ങൾ കാണുന്നു.]

ഏലീകാ-ചെറിയ ഏലത്തരികൾ.

ഏല്-സ്വഭാവം; ശക്തി.

ഏലുക-ഇയലുക.

ഏലുക-ന. യോഗ്യമാവുക. വ. പററുക. ന. ഉണ്ടാവുക.

ഏല്പാ-ആരാനും. (പഴയമലയാളം). 'കൈപിടിപ്പാനായ്‌വരേല്പാ' (കൃഷ്ണഗാഥ)

ഏല്ക്കുക-൧. കൈക്കൊള്ളുക. ൨. ചുമതലപ്പെടുക. ൩. യോജിക്കുക. ൪. സമ്മതിക്കുക. ൫. സഹിക്കുക, കൊള്ളുക. പര്യായങ്ങൾ-സംവിത്ത്, ആഗു, പ്രതിജ്ഞാനം, നിയമം, ആശ്രവം, സംശ്രവം, അംഗീകാരം, അഭ്യുപഗമം, പ്രതിശ്രവം, സമാധി ഇവ പത്തും.

ഏലാപ്പുറങ്ങൾ-വയലുകളുടെ അടുത്തും മറവും തണലുമുള്ള പ്രദേശങ്ങൾ.

ഏല്പാട്, ഏപ്പാട്-൧. ഉത്തരവാദം, ചുമതലപ്പെടുത്തുക. ൨. ആരംഭം. ൩. തടസ്ഥം.

ഏല്പ്-സ്വീകാരം.

ഏല്പെടുക, ഏപ്പെടുക-൧. ഉത്തരവാദിയാവുക, ചുമതലപ്പെടുക. ൨. ഉൾപ്പെടുക. ൩. ചേരുക. ൪. ഒതുങ്ങുക [സ. ക്രി. ഏല്പിപ്പെടുത്തുക, ഏപ്പെടുത്തുക]

ഏവ-അ. തന്നെ. അവധാരണാർത്ഥം. അവധാരണം എന്നാൽ തീർച്ചപ്പെടുത്തുക എന്നർത്ഥം.

ഏവ, ഏവറ്റകൾ, ഏവറ്റ, ഏവറ്റ്-ഇത്രയും 'ഏ' എന്ന സർവ്വനാമങ്ങളുടെ ബഹുവചനങ്ങൾ ആകുന്നു; നപുംസകത്തിൽ പ്രയോഗം.

ഏവൻ-ഏതൊരുവൻ.

ഏവം-അ. ൧ ഇപ്രകാരം. ൨. [illegible] ൩. അവധാരണം (നിശ്ചയം). ൪. അംഗീകാരം. ൫. കല്പന. ൬ ഗ്രന്ഥപൂരണം.

ഏവരും-അ. എല്ലാവരും.

ഏവൾ-ഏതൊരുത്തി.

ഏവ്-അമ്പുകൊണ്ടുള്ള പ്രയോഗം.

ഏശ-൧. രാത്രിയിലെ ആദ്യയാമം. ൨. സന്ധ്യകഴിഞ്ഞുള്ള പ്രാർത്ഥന. [അറബി ഭാഷ.]

ഏശൽ-൧. തൊടുക. ൨. കൊള്ളുക; പറ്റുക, ഏല്ക്കുക. ൩. സാധിക്കുക. ൪. ഒരുമിക്കുക. ൫. എതിരിടുക. ൬. ഒരു രാഗം.

ഏശുക-൧. തൊടുക. ൨. കൊള്ളുക, പറ്റുക, ഏല്ക്കുക. ൩. സാധിക്കുക. ൪. ഒരുമിക്കുക. ൫. എതിർക്കുക.

ഏഷഃ-ഇവൻ.

ഏഷണാത്രയം- പുത്രൈഷണം, വിത്തൈഷണം, ദാരൈഷണം ഇവ മൂന്നും. 'വേർപെടുത്തരുതിന്നമേഷണാത്രയങ്ങളും' (ഭാഗവതം)

ഏഷണം-൧. ആഗ്രഹം. ൨. അന്വേഷണം. ൩. ഇരിമ്പുകൊണ്ടുള്ള അമ്പ്.

ഏഷണാ-൧. അന്വേഷണം. ൨. ആഗ്രഹം. ൩. യാചന, അപേക്ഷ.

ഏഷണി-൧ കുരള, നുണ. ൨. തട്ടാന്റെ ത്രാസ്.

ഏഷണികാ-൧. തട്ടാന്റെ (പൊന്നുതൂക്കുന്ന) ത്രാസ്. ഇതുകൊണ്ടു തൂക്കം ശരിയായി അറിയുന്നതിനാൽ ഈ പേരുണ്ടായി. മറ്റൊരുപര്യായം-നാരാചി. ൨. ചെറുനാരായക്കോൽ.

ഏഷണിക്കാരൻ - ഏഷണിപറയുന്നവൻ. പര്യായങ്ങൾ-കർണ്ണേജപൻ, സൂചകൻ, പിശുനൻ.

ഏഷം, ഏഷാ-ആഗ്രഹം.

ഏഷികാ-ചിത്രമെഴുതുന്നതിനും മറ്റുമുള്ള തൂവൽ. എഴുതുമ്പോൾ നടന്നുകൊണ്ടിരിക്കുന്നതു എന്നർത്ഥം.

ഏഷ്ടി-ആഗ്രഹം.

ഏഹസ്സ്-കോപം.

ഏള-വി. ചവിട്ടുകരമായതു.

ഏളകം-ചെമന്ന അരിതാരം.

ഏളഗജം-തകര. [ഏഡഗജം നോക്കുക.]

ഏളിതം-പരിഹാസം.

ഏളിയോടത്തന്മാർ- തളിപ്പറമ്പിലുള്ള ഒരു ബ്രാഹ്മണവർഗ്ഗക്കാർ.

ഏള്ളുക-ഏഴുക. ഉ-ം, എതിരേല്ക്കുക. ബഹുമാനാൎത്ഥം ഉപയോഗിക്കുന്നതാണ്. [എഴുന്നള്ളുക-കാണുക]

ഏള്ളത്തു-ബോധിച്ചതു്.

ഏഴ-പ്രായശ്ചിത്തം.

ഏഴ-പാവപ്പെട്ട ആൾ.

ഏഴക്കോഴ-പ്ര. സമ്മാനം. വ, കൈക്കൂലി.

ഏഴാമുത്ത-ഒരു കളി.

ഏഴാമേടം-പ്ര. ഏഴാമത്തെ രാശി. വ. ഭാൎയ്യ.

ഏഴി-സപ്തശൈലം. (ഏഴി-ഏഴിമല്ലത്തു്.)

ഏഴിപ്പൊരുമാൾ-കോലത്തിരിരാജാവു്

ഏഴിലംപാല-ഒരു വൃക്ഷം. പൎയ്യായങ്ങൾ-സപ്തപൎണ്ണം, വിശാലത്വക്ക്, ശാരദം, വിഷമച്ഛദം.

[ഇതിനെ 'മുക്കംപാല' എന്നും വിളിക്കാറുണ്ട്. ഇതു ത്രിദോഷങ്ങളെ നശിപ്പിക്കും. തിക്തവും ഉഷ്ണവും ദീപനവുമാണ്, ചൎമ്മദോഷാദികൾക്കും ശൂലക്കും കൊള്ളാം.]

ഏറക്കുറ-പ്ര. ഏറ്റവും കുറവും, വ്യത്യാസം, കൂടുതലും അല്ല കുറവുമല്ല എന്നുള്ള സ്ഥിതി. വ. അതിക്രമം, അക്രമം.

ഏറക്കുറവു്-വ്യത്യാസം.

ഏറക്കുറെ-ഉദ്ദേശം.

ഏറടവു്-കണ്ണടക്കുക, കണ്ണടച്ചുസ്സകം

ഏറങ്കടെ-ഒടുവിൽ.

ഏ[illegible]ൻ ഗോപാലർ കോഴിക്കോട്ടു പ്രാചീനന്മാരുടെ കുടുംബം (ആയന്മാർ.)

ഏറാട്ടുമേനോൻ-സാമൂതിരിയുടെ (മാനവിക്രമന്മാരുടെ) രായസക്കാരൻ.

ഏറിക്ക-കണ്ണടക്കുക.

ഏറിയ-വൎദ്ധിച്ച.

ഏറു്-പ്ര. എറിക, മാട്ടു്. വ. ദോഷം. ഉ-ം, കണ്ണേറു്=ദൃഷ്ടിദോഷം. ന. ഏററം, കേററം.

ഏറുക-കേറുക, വൎദ്ധിക്കുക.

ഏറും-പ്ര. ഏറുന്ന, വൎദ്ധിക്കുന്ന. വ. കൂടപ്പെടുന്ന.

ഏറുമാടം-മരത്തിന്റെ മുകളിൽ കെട്ടുന്ന കാവൽപ്പുര; പൊക്കമുള്ള മാടം.

ഏറെ-അ. അധികം.

ഏററക്കുറവു-കയ്യേററം, അതിക്രമം.

ഏററത്താഴ്ച-കേററവും ഇറക്കവും, പൊക്കവും താഴ്ചയും.

ഏററം-അ. അധികം, വളരെ.

ഏററം-പ്ര. വൎദ്ധനം. വ. കരേററം, ഉയൎച്ച. ന. വേലിയേററം. ര്. കലഹൽ. ഒ. കാച്ചിലും മററും കേറുന്നതിനായിട്ടു നാട്ടുന്നകോൽ. നു. ക്രൂരത.

ഏററക്കുറച്ചിൽ-അ. ഭേദം, വ്യത്യാസം

ഏററവും-അ. അധികം, വളരെ, [പൎയ്യായങ്ങൾക്കു് 'അതിമാത്രം' എന്ന ശബ്ദം നോക്കുക.]

ഏററാളി-പ്ര. പ്രതിയോഗി. വ. പരവൻ.

ഏററിറക്കം-കേററവും ഇറക്കവും.

ഏററു മുമ്മതല വഹിച്ചു. (ഏല്ക്കു എന്നതിന്റെ ഭൂതകാലം.)

ഏററുതെററിക്കുക-വിരോധമായി പറക, വിപരീതമായി പറക.

ഏററുപാടുക-കൂടെ പാടുക.

ഏററുമതി-മററു സ്ഥലത്തേയ്ക്കു കയററിക്കൊണ്ടുപോകുന്ന സാമാനം. ഏററുമതി > <ഇറക്കുമതി.

ഏററുമാറുക-എഴുന്നേററുമാറുക, എഴുന്നേററുപോവുക.

'ഏററുകൊണ്ടുപറയുന്നതൊന്നുമി
ഏററമാററമെനിക്കേതുമേതുമല്ല'
(കല്യാണസൌഗന്ധികം തുള്ളൽ)

ഏററുവാണിഭം-ചില്ലറക്കച്ചവടം.

# ഐ

**ഐ**— ഒരു സ്വരാക്ഷരം. [ദീർഘസ്വരം] കണ്ഠതാലവ്യം.

[അ+അ+ഇ എന്ന മൂന്നസ്വരം ചേൎന്നുണ്ടായ സന്ധ്യക്ഷരമാകുന്ന 'ഐകാരം' എന്നാണു സംസ്കൃതത്തിൽ ഗണിക്കപ്പെടുന്നതു്. എന്നാൽ മലയാളത്തിനു തമിഴിലേ ഉച്ചാരണമാവശ്യം. ഐ=അ+ഇ അല്ലെങ്കിൽ അ+യ് എന്നു കേരളപാണിനീയം.]

ഐ—പ്ര. അഞ്ചു് ഉ. [തമിഴിൽ ഐന്തു്] ഉ—ം, ഐവർ. വ. ഓൎമ്മ. ന. വിളി.

ഐഃ—ശിവൻ.

ഐക—വി. ഒന്നിനെ സംബന്ധിച്ച.

ഐകദ്യം—അ. ഉടനെ.

ഐകപത്യം—ഒരേ അധിപൻ എന്നുള്ള സ്ഥിതി, ഏകച്ഛത്രാധിപത്യം.

ഐകമത്യം—യോജിപ്പു്, ചേൎച്ച.

ഐകാഗാരികൻ—പ്ര. കള്ളൻ. ആരുമില്ലാത്ത സ്ഥലത്തു കക്കുന്നവൻ. വ. ഒററ വീട്ടിന്റെ ഉടമസ്ഥൻ.

ഐകാഗ്ര്യം—ഏകാഗ്രത, ഒന്നിങ്കൽ തന്നെയുള്ള ശ്രദ്ധ.

ഐക്യരാജ്യം—ഏകച്ഛത്രാധിപത്യം.

ഐക്യത—യോജിപ്പു്, ഒരുമിപ്പു്.

ഐക്യം—യോജിപ്പു്, ഒരുമിപ്പു്.

ഐക്ഷവം—വി. ഇക്ഷു (കരിമ്പു) സംബന്ധിച്ച, കരിമ്പിൽ നിന്നുണ്ടായ.

ഐങ്ഗുദം—ഓടക്കുരു.

'ചന്ദ്രംചേരെന്നൈങ്ഗുദപുഷ്പനേചിരമസ്യണീ
ഭ്രമൈരംഗ്ലൈപട്ടം'
(അഭിജ്ഞാനശാകുന്തളം)

ഐക്കല്ല്, ഐരിക്കലെ—പള്ളിയുടെപേർ

ഐങ്കുടി—കമ്മാളന്മാരിൽ അഞ്ചു വകക്കാർ.

ഐങ്കൊല്ലന്മാർ—കമ്മാളന്മാരിൽ അഞ്ചുവകക്കാർ.

ഐച്ഛിക—വി. തനിക്കിഷ്ടമുള്ള.

ഐഡവിഡൻ—വൈശ്രവണൻ.

ഐഡവിലൻ—വൈശ്രവണൻ.

ഐണം—ആണമാനിന്റെ തോൽ കൊമ്പു മുതലായതു്, ഏണത്തെ സംബന്ധിച്ചതു എന്നൎത്ഥം.

ഐണം—മാൻകൂട്ടം.

ഐണികൻ—മാനിനെ കൊല്ലുന്നവൻ.

ഐണേയം—പ്ര. മാൻപേടയുടെ തോൽ എല്ലു മാംസം മുതലായതു്. ഏണിയെ (മാൻ പേടയെ) സംബന്ധിച്ചതു് എന്നൎത്ഥം. വ. കറുത്ത മാൻ.

ഐതരേയബ്രാഹ്മണം—വേദത്തിന്റെ ഒരു ഭാഗം.

ഐതിഹ്യം—പ്ര. പഴഞ്ചൊല്ലു്, പാരമ്പൎയ്യോപദേശം. വ. പുരാണകഥ. ഇതിഹത്തിൽ ഭവിച്ചതു് ഐതിഹ്യം. മററു രൂപത്ഥ്യായം - ഇതിഹ. (അവ്യയം) ഇതി = ഇങ്ങിനെ. ഹ=പ്രസിദ്ധം.

ഐദമ്പൎയ്യം—ഒന്നിനോടു മാത്രമുള്ള താല്പൎയ്യം. (ഐദംപൎയ്യേണ = ഒന്നിനോടു മാത്രമുള്ള താല്പൎയ്യത്തോടുകൂടി) ഇദംപരം = ഇതു ശ്രേഷ്ഠം. ഇതിൽനിന്നു ഐദംപൎയ്യമുണ്ടായി.

ഐനസം—പാപം.

ഐനാങ്കു—അഞ്ചു നാലു കൂടിയതു (൨൦).

ഐന്താർബാണാരി—ശിവൻ. ഐന്താർബാണൻ (അഞ്ചു പൂക്കളാം അമ്പാക്കിയവൻ-കാമദേവൻ.) കാമന്റെ ശത്രു എന്നൎത്ഥം.

ഐന്തോളം—ഊഞ്ഞാലം, പല്ലക്കു്.

ഐന്ദ്ര—വി. ഇന്ദ്രനെസംബന്ധിച്ച.(സ്ത്രീ-ഐന്ദ്രി).

ഐന്ദ്രജാലിക—വി. വഞ്ചനയുള്ള, ചതിയുള്ള, മായയുള്ള.

ഐന്ദ്രജാലികൻ-ക്ഷുദ്രക്കാരൻ, ചെപ്പടിക്കാരൻ.

ഐന്ദ്രൻ-൧. അൎജ്ജുനൻ. ൨. ബാലി. ൩. ജയന്തൻ.

ഐന്ദ്രം-ഒരു സംവത്സരത്തിന്റെ പേർ.

ഐന്ദ്രലുപ്തികൻ-കഷണ്ടിക്കാരൻ.

ഐന്ദ്രിക-വി. ഇന്ദ്രിയങ്ങളെ സംബന്ധിച്ച, ഗ്രഹിക്കത്തക്ക.

ഐന്ദ്രിയകം-കാണ്മാനൊ കേൾപ്പാനൊ മറ്റൊ കഴിയുന്നത്. ഇന്ദ്രിയത്താൽ അനുഭവിക്കപ്പെടുന്നത് എന്നർത്ഥം. മറ്റൊരു പൎയ്യായം-പ്രത്യക്ഷം.

ഐന്ദ്രി-൧. ഇന്ദ്രന്റെ ഭാൎയ്യ. ൨. ദുൎഗ്ഗ. ൩. ജ്യേഷ്ഠാഭഗവതി. ൪. ഒരു വള്ളി, കാട്ടുവെള്ളരി. ൫. തൃക്കേട്ട ൬. കിഴക്കേ ദിക്ക. ൭. ഉഴിഞ്ഞ.

ഐന്ധനൻ-സൂൎയ്യൻ.

ഐമ്പതു-അഞ്ചു പത്തു കൂടിയതു (൫൦).

ഐമ്പരുത്തി-ഒരു പുഷ്പം.

ഐമ്പാടി-ആയമ്പാടി.

ഐമ്പെരുമാൾ-ഭൎത്താവിന്റെ അനുജൻ, ദേവരൻ.

ഐമ്പൊന്നു-അഞ്ചു പ്രധാന ലോഹങ്ങൾ, പഞ്ചലോഹം. സ്വൎണ്ണം, വെള്ളി, ചെമ്പു, വെള്ളീയം, നാഗം ഇവ ൫-ം)

ഐമ്മുല-അഞ്ചു മുലയുള്ള പശു.

ഐയൻ, അയ്യൻ-ദൈവം. [അയ്യൻ എന്നു നോക്കുക].

ഐയപ്പൻ, അയ്യപ്പൻ-ശാസ്താവ്, നായാട്ടു പരദേവത.

ഐയം, അയ്യം-൧. ധൎമ്മം. ൨. സംശയം. ൩. ഭിക്ഷ.

ഐയാമലയാഴി-അഞ്ചാമത്തെസമുദ്രം [ഉപ്പ്, കറുപ്പ്, ചെമപ്പ്, പാൽ ഇങ്ങിനെ നാലു സമുദ്രങ്ങൾ കഴിഞ്ഞു അഞ്ചാമത്തേതു ശുദ്ധജലസമുദ്രം].

ഐയ്യർ, അയ്യർ-൧. ബ്രാഹ്മണർ. ൨. ദൈവങ്ങൾ. [അയ്യൻ എന്നതു നോക്കുക]

ഐരണ്ടാനനൻ-ദശമുഖൻ, രാവണൻ.

ഐരം-൧. ശബ്ദം. ൨. ഇരയെ (ജലത്തെ) സംബന്ധിച്ചതു്.

ഐരാണി-കുതള എന്ന ചെടി, കാട്ടുകുന്നു, കാട്ടുപിണ്ണാക്ക്.

ഐരാവണം-ഇന്ദ്രന്റെ ആന ഐരാവതം. ഇരാവണത്തിൽ (സമുദ്രത്തിൽ) ഉണ്ടായതു്. ഇരകെ ണ്ട (വണതി)ശബ്ദിക്കുന്നതു. ഇരാവണം=സമുദ്രം.

ഐരാവതം-൧. ഇന്ദ്രന്റെ ആന. ഇരാ=ജലം. ഇരാവാൻ=സമുദ്രം. സമുദ്രത്തിൽ നിന്നു് ഉണ്ടായതു്. മറ്റു പൎയ്യായങ്ങൾ-അഭ്രമാതംഗം, ഐരാവണം, അഭ്രമുവല്ലഭൻ. ൨. നാരകം. മിന്നലിനെപ്പോലെ നിറമുള്ളതു് എന്നർത്ഥം. ൩. നിലഞാവൽ. ൪. മധുരനാരങ്ങ. ൫. മേഘവില്ല്. ൬. ഇരുളൂരിനാരകം. ൭. മൊത്താന്നി.

ഐരാവതത്തോൻ - ഐരാവതമുള്ളവൻ.

ഐരാവണി-ഇന്ദ്രാണി.

ഐരാവതി-൧ മിന്നൽ. ഇരാവാനിൽ (സമുദ്രത്തിൽ) നിന്നുണ്ടായതു് എന്നർത്ഥം. ൨. പഞ്ചാബിലെ ഒരു നദി. ൩ ഐരാവതം എന്ന ആനയുടെ പിടി. ൪ ചെറുനാരകം.

ഐരി-വാസ്തോഷ് ചീര.

ഐരിണം-കല്ലുപ്പ്, ഭൂമിയിൽ നിന്നു വെട്ടിയെടുത്തതു്, ധാതു.

ഐരു, അയിർ-ഇരുമ്പുണ്ടാകുന്ന കല്ല് പഞ്ചലോഹമുള്ള കല്ലോ മണ്ണോ.

ഐരൂർചാക്കര- കൊടുങ്ങല്ലൂർതമ്പുരാക്കന്മാരുടെയും പൂഞ്ഞാറ്റിൽ തമ്പുരാക്കന്മാരുടെയും മറ്റും വംശമൂലമായ സ്വരൂപം.

ഐല-ഒരു വക മത്സ്യം.

ഐലവിലൻ-വൈശ്രവണൻ. (ഇലവില (ഇളബില)യുടെ പുത്രൻ എന്നൎത്ഥം.

ഐലവാലുകം-ഒരങ്ങാടിമരുന്നു്, ഒരു സുഗന്ധദ്രവ്യം.

ഐന്ദ്രലയം-ഒരങ്ങാടിമരുന്നു്. ഭൂമിയിൽ ഉണ്ടായതു് എന്നൎത്ഥം. ഏലവാലുകം

ഐശ, ഐശ്വര-വി. ഈശനെ-ഈശ്വരനെ സംബന്ധിച്ച, ശിവനെ സംബന്ധിച്ച.

ഐശ്വൎയ്യം-൧. സമ്പൽസമൃദ്ധി. ഈശ്വരഭാവം (അമാനുഷത്വം) എന്നൎത്ഥം. ൨. ശുഭം, സമ്പൽസമൃദ്ധിയും സുഖാഭിവൃദ്ധിയും. ൩. ധനം മാനം മുതലായതുള്ള അവസ്ഥ. ൪. അണിമാദ്യഷ്ടൈശ്വൎയ്യം. മററു പൎയ്യായങ്ങൾ-വിഭൂതി, ഭൂതി.

ഐശ്വൎയ്യവത്തു്-വി. സമ്പൽസമൃദ്ധിയുള്ള. സ്ത്രീ-ഐശ്വൎയ്യവതി. പും-ഐശ്വൎയ്യവാൻ )

ഐഷണികം-തുലാസ്സ്.

ഐഷമസ്സ്-ഈ സംവത്സരം.

ഐഹിക-വി. ഇഹലോകത്തിനടുത്ത

ഐഹികാനന്ദം-ഇഹലോകസുഖം(സന്തോഷം.)

ഐളലൻ-പുരൂരവസ്സ്.

ഐളബിലൻ-വൈശ്രവണൻ

ഐലവം-ശബ്ദം, കരച്ചിൽ.

ഐളിവിലി-വൈശ്രവണൻ.

# ഒ

ഒ—൧. ഒരു സ്വരാക്ഷരം. [ഹ്രസ്വസ്വരം, കണ്ഠോഷ്ഠ്യം]. അ+ഉ=ഒ. ൨. അനുസരണം. ൩ വിളി. ൪, ഓൎമ്മ. ൫ മയ.

ഒകൊട്ടി-നീട്ടി വലിച്ചു കാണിച്ചിട്ടു കൊടുക്കാതെയിരിക്ക.

ഒക്കെ-അ. എല്ലാം.

ഒക്ക-ഭംഗിയിൽ.

ഒക്കപ്പൊടെ-അ. എല്ലാം കൂടെ.

ഒക്കവേ-അ, മുഴുവനും.

ഒക്കറായ്മ, ഒക്കായ്മ, ഒപ്പായ്മ-ചേരായ്മ, ചേരായ്മ.

ഒക്കാനം-വാഗ്ദത്തം ചെയ്ത സമ്മാനം.

ഒക്കിൾ-ഏളി (ഇളി), അര.

ഒക്കുക-൧. യോജിക്കുക. ൨. ഒന്നാകുക. ൩. തുല്യമാവുക. ൪. ഉണ്ടാവുക. ൫. സാധിക്കുക.

ഒക്കെ-അ എല്ലാം.

ഒക്കെയും-അ, മുഴുവനും.

ഒച്ച-൧. ശബ്ദം (ഘോഷ). ൨ കേൾവി, കീൎത്തി.

ഒച്ചപ്പാടു്-ശബ്ദം.

ഒച്ചപ്പെടുക-ശബ്ദമുണ്ടാവുക. [സ. ക്രി. ഒച്ചപ്പെടുത്തുക].

[ഒച്ചപ്പെടുക എന്നതിനു പൎയ്യായങ്ങൾ-സ്വനിതം, ധ്വനിതം. ഒച്ചപ്പെടുത്തുന്നവൻ എന്നതിനു പൎയ്യായങ്ങൾ-രവണൻ, ശബ്ദനൻ].

ഒച്ചയടപ്പ്-ശബ്ദം പുറപ്പെടുന്നതിനുള്ള തടവു്.

ഒച്ചു്-ഇഴയുന്ന ഒരു ചെറിയ ജന്തു.

ഒച്ചുടികത്തി-ഒരൌഷധം.

[വെളുത്തതിന്റെ വേരു് ബാലന്മാരുടെ 'പിള്ളക്കരണിപ്പെട്ടപ്പ്' എന്ന രോഗത്തിനു നന്നു].

ഒടി-൧. വലി. ഉ-ം, വയററിന്റെ ഒടി. ൨. വലിച്ചുമുറിക്കുക, പൊട്ടിക്കുക. ൩. നിലത്തിന്റെ ഒരു ഭാഗം. ൪. ഒടുക്കത്തു്. ൫. മറപ്പുര. ൬. കഴലപ്പാടു്. ൭. വേട്ടക്കാരന്റെ ഭാഗം (കടിൽ).

ഒടിക്കാരൻ-൧ കൂട്ടുകാരൻ. ൨. വേട്ടയിൽ ഒടിയിലിരിക്കുന്നവൻ.